Reg. No K. 31

ഭ്രാട്ടാ ലണ്ടവിൽ

(റോയിട്ടർ) ലണ്ടൻ, ജനുവരി 20
പാക്ക്വിദേശകാര്യമന്ത്രി ഇസഡ്. എ. ഭ്രാട്ടാ ബ്രിട്ടീഷ് പ്രധാനമന്ത്രി ഹരോൾഡ് വിൽസണുമായി ഇന്നിവിടെ 15 മിനിറ്റാണ് ചർച്ചചെയ്ത ഒരു കൂടിക്കാഴ്ചനടത്തിയിരിക്കുന്നു

തൊഴിലാളി

Founder: Father Vadakkan

Honorary Chief Editor: T. O. Mathew M.A. :: Managing Editor: B. Wellington B. A.

'തൊഴിലാളി' വരിസംഖ്യ നിരക്ക്

	പോസ്റ്റ്വഴി	വാരാന്ത്യപതിപ്പ് പോസ്റ്റ്വഴി
ഒരു കൊല്ലത്തേക്ക്	27_00	6_00
അരകൊല്ലത്തേക്ക്	13_50	3_00
മൂന്നുമാസത്തേക്ക്	6	1 50
ഏജന്റന്മാർവഴി ഒരു മാസത്തേക്ക്		
വാരാന്ത്യപതിപ്പ് മാത്രം		0_10
മാറ്റപ്രതി	00	00_10

മാനേജർ

പുസ്തകം 12 | ലക്കം 20 | 1965 ജനുവരി വ്യാഴം 21 തൃശ്ശൂർ | വില 7 നയാപൈസ | പേജ് 4

പ്രധാനമന്ത്രി ശാസ്ത്രിയുടെ പത്രസമ്മേളനം

തെരഞ്ഞെടുപ്പ് നീട്ടിവെക്കുന്നില്ല; ശാസ്ത്രി കേരളം സന്ദർശിക്കും

[പി ടി ഐ] ന്യൂഡൽഹി ജ. 20

നേരത്തെ പ്രഖ്യാപിച്ചിട്ടുള്ളതുപോലെ കേരള തെരഞ്ഞെടുപ്പ് മാർച്ച് മാസത്തിനു മുമ്പ് നടക്കുമെന്നും, അതു നീട്ടിവെക്കുവാൻ കരുതുന്നില്ലെന്നും പ്രധാനമന്ത്രി ശാസ്ത്രി ഇന്നൊരു പത്രസമ്മേളനത്തിൽ പ്രസ്താവിച്ചു.

അടുത്തമാസം ആരംഭത്തിൽ താൻ കേരളം സന്ദർശിക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു.

മറീസ്സാകാര്യത്തെ പരാമർശിച്ചുകൊണ്ട് രാജിവെക്കണോ, വേണ്ടയോ എന്ന പ്രശ്നം മുഖ്യമന്ത്രി ബിരൺമിത്രയുടെ തീരുമാനത്തിനുതന്നെ വിട്ടുകൊടുത്തിരിക്കുകയാണെന്ന് ശാസ്ത്രി പറഞ്ഞു. തന്റെ കത്തിനുള്ള മറുപടി താൻ മിശ്രയിൽനിന്ന് പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ് പട്നായിക്കിനെതിരെ എന്തു നടപടി എടുക്കണമെന്നാലോചിക്കുവാൻ കാത്തിരിക്കുകയാണ് ഒരു പ്രധാനമന്ത്രിയെന്നും പ്രധാനമന്ത്രി മറുപടി പറഞ്ഞു.



ടി എടുക്കേണമെന്നാലോചിക്കുവാൻ കാത്തിരിക്കുകയാണ് ഒരു പ്രധാനമന്ത്രിയെന്നും പ്രധാനമന്ത്രി മറുപടി പറഞ്ഞു. മിശ്രയുടേയും, പട്നായിക്കിന്റെയും കാര്യത്തിൽ ഒരുപക്ഷെ വേഗത്തിൽ ഒരു തീരുമാനമുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

മറീസ്സാകേസിനെ സംബന്ധിക്കുന്നതീരുമാനത്തേക്കാൾ മുമ്പായി ബീഹാർ മുഖ്യമന്ത്രി കെ. ബി. സഹായിയുടെ കേസിൽ ഒരു തീരുമാനമുണ്ടായേക്കുമെന്നും അദ്ദേഹം പറഞ്ഞു. ഹിന്ദി മാതൃഭാഷയല്ലാത്തവർക്ക് ഒരു പ്രതിബന്ധവും സൃഷ്ടിക്കുന്നില്ല.

ഭക്ഷ്യപ്രശ്നം

ഭക്ഷ്യസ്ഥിതിയെ പരാമർശിച്ചുകൊണ്ട് ആസ്ത്രേലിയയിൽനിന്ന് 10 ലക്ഷം ടൺ ഗോതമ്പ് വാങ്ങുന്നതിനു ഗവണ്മെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. അമ്പ് ബഫർസ്റ്റോക്കിനായി ഉപയോഗപ്പെടുത്തും. ആസ്ത്രേലിയൻ ഗവണ്മെന്റിന്റെ പ്രതികരണം, ഈ കാര്യത്തിൽ സഹായകമാണ്,

അരിയുടെ വില മൊത്തത്തിൽ തൃപ്തികരമാണ്. ഗോതമ്പുവിലയും നന്നായി കുറഞ്ഞിട്ടുണ്ട്.

ഹിന്ദി

ജനുവരി 26 മുതൽ മുദ്യോഗികഭാഷയാകുന്ന ഹിന്ദിയെ പരാമർശിച്ചുകൊണ്ട് കുഴപ്പം കത്തനെ കൊണ്ടുപോകണമെന്ന് ആഗ്രഹിക്കുന്നില്ലെന്ന് ശാസ്ത്രി പറഞ്ഞു. ഹിന്ദി മാതൃഭാഷയല്ലാത്തവർക്ക് ഒരു പ്രതിബന്ധവും സൃഷ്ടിക്കുന്നില്ല.

അണ്വായുധങ്ങൾ

അണ്വായുധങ്ങളുടെ വ്യാപകതയെത്തടയുന്നതിന് വൻ അണ്വശക്തികൾ നിരുപാധികം ഒന്നിക്കുകയാണെങ്കിൽ അതിനെപ്പറ്റി ഗുണപരമായ ചൈനയിൽ ഉണ്ടാകുമെന്ന് ശാസ്ത്രി പറഞ്ഞു. അണ്വായുധങ്ങളുടെ വ്യാപകതയെത്തടയുന്നതിന് വൻ അണ്വശക്തികൾ നിരുപാധികം ഒന്നിക്കുകയാണെങ്കിൽ അതിനെപ്പറ്റി ഗുണപരമായ ചൈനയിൽ ഉണ്ടാകുമെന്ന് ശാസ്ത്രി പറഞ്ഞു. അണ്വായുധങ്ങളുടെ വ്യാപകതയെത്തടയുന്നതിനുള്ള ഏതു നിർദ്ദേശത്തിനും ഇന്ത്യ പിന്തുണ നൽകുമെന്ന് ഞാൻ പറഞ്ഞിട്ടില്ല അണ്വക്കുടയെയോ, കവചമെന്നോ ഉള്ള വാക്കുകളും ഞാൻ ഉപയോഗിച്ചിട്ടില്ല. അണ്വായുധങ്ങളുടെ വ്യാപനത്തിനെ എങ്ങിനെ കുറിച്ചാക്കണമെന്ന് വൻശക്തികൾതന്നെയാണ് ചിന്തിക്കേണ്ടതു്. ഇതു കായ്ത്തെ സംബന്ധിച്ച ചില ചോദ്യങ്ങൾക്ക് എഴുതണമോയെന്ന് ഞാൻ തീരുമാനിച്ചിട്ടില്ല. അണ്വായുധങ്ങളുടെ ഉപയോഗത്തെ കുറക്കുന്ന ഏതുനീക്കം സുഹൃൽരാഷ്ട്രങ്ങളെ സമീപിച്ചിട്ടുണ്ട്. പക്ഷെ അവയുടെ മാഗത്തുന്നിന്നും സ്വവിശേഷമായ പ്രതികരണമൊന്നും ഉണ്ടായിട്ടില്ല അണ്വശക്തികളുമായും സമ്പർക്കം പുലർത്തുകയുണ്ടായി. പക്ഷേ ഇപ്പ്രശ്നം ചർച്ചചെയ്യുന്നതിനുള്ള ഏതൊരു പ്രധാനപ്പെട്ടസ്ഥലം ഐക്യരാഷ്ട്രങ്ങളാണ്. ഐക്യരാഷ്ട്രങ്ങളുടെ ഇപ്പ്രശ്നത്തിൽതന്നെ ഇപ്പ്രശ്നം ചർച്ചചെയ്യുന്നതിനുള്ള പ്രധാനമാണ് നമ്മുടെ പ്രതിരോധശക്തിയെ കെട്ടിപ്പടുക്കലാണ് ശരിക്കുള്ള മാർഗ്ഗമെന്ന് ഞാൻ ആവർത്തിച്ചുപറയുന്നു.

നാലാം പദ്ധതി

നാലാംപദ്ധതിയുടെ വലുപ്പം വെട്ടിക്കുറക്കുവാൻ കരുതുന്നില്ല. പദ്ധതിയുടെ പ്രവർത്തനത്തിനു പ്രത്യേക പ്രധാന്യം നല്കുന്നുണ്ട്. നാണ്യപ്പെരുപ്പം തടയുന്ന തരത്തിൽ പദ്ധതി മുന്നോട്ട് നീക്കണമെന്നാണ് ഇപ്പോഴത്തെ ചിന്താഗതി

മറ്റു പ്രശ്നങ്ങൾ

ഇന്ത്യൻ ഭരണഘടനയുടെ ചട്ടക്കൂടിൽ നിന്നുകൊണ്ട് സംഭാഷണങ്ങൾ നടത്തുന്ന കാര്യത്തിൽ നാഗാ അണ്ടർഗ്രൗണ്ട് നേതാക്കൾ ഒരു തീരുമാനത്തിലെത്തേണ്ടതുണ്ട്. വടക്കൻ അതിർത്തികളിൽ ചൈനീസ് ഭരണനിർക്കേന്ദ്രീകരണം നടന്നുകൊണ്ടിരിക്കുന്നതുകൊണ്ട് അതിനെ നേരിടുവാൻ നാം ഒരുങ്ങേണ്ടതുണ്ട് നമ്മുടെ പ്രതിരോധശക്തിയെ കെട്ടിപ്പടുക്കലാണ് ശരിക്കുള്ള മാർഗ്ഗമെന്ന് ഞാൻ ആവർത്തിച്ചുപറയുന്നു.

ൻനാംശ്രമിച്ചുകൊണ്ടിരിക്കുന്ന പ്രസിഡണ്ട് അയ്യൂബ്ഖാനും, ഞാനുമായി ഒരു ശിഖരസമ്മേളനം ഉടനെ ഉണ്ടാകുന്നതിനു സാദ്ധ്യതയില്ല. വിദേശകാര്യമന്ത്രി സ്വരൺസിങ്ങിനെ പാക്ക് സന്ദർശനത്തെ സംബന്ധിച്ച് ഒരുതീരുമാനവും എടുത്തിട്ടില്ല.

കേരളം

കേരളത്തിലെ ഭരണത്തെ തെരഞ്ഞെടുപ്പ് നീട്ടിവെക്കുന്ന പ്രശ്നമേയില്ലെന്ന് പ്രധാനമന്ത്രി പറഞ്ഞു.

ഇടതു കമ്മ്യൂണിസ്റ്റുകാർ ജയിലിൽവെച്ച് സമ്മേളനങ്ങളും നടത്തുന്നുണ്ടെന്നും, അതിൽ പുറത്തുള്ളവർ പങ്കുകൊള്ളുന്നുണ്ടെന്നും പറയുന്നുണ്ടല്ലോ എന്നൊരു പത്രപ്രതിനിധി ചോദിച്ചു. കമ്മ്യൂണിസ്റ്റ് ചൈനയുടെ നിർദ്ദേശമനുസരിച്ച് ഇന്ത്യയിൽ അട്ടിമറി നടത്തുവാൻ ഉത്സാഹിക്കുന്നതിനെപ്പറ്റിയാണ് ഞാൻ പറഞ്ഞതെന്ന് ശാസ്ത്രി പൊട്ടിച്ചിരിക്കുകയിൽ പറഞ്ഞു.

കഴിഞ്ഞ ഒക്ടോബറിൽ അധികാരമേറ്റതുമുതൽ പുതിയ നഗരഭരണസമിതി പ്രസിഡന്റ് ഫ്രാൻസിസ്കോ ഗുജ്മാൻ സഹിഷ്ണതയും കഴിഞ്ഞ ഭൂരിഭാഗത്തിലധികം പ്രദേശങ്ങളിലുമായ ക്രമസമാധാന രാഹിത്യം തടയുകയും ചെയ്യുവാൻ ശ്രമിച്ചുവരികയാണ്.

വർഗ്ഗവിദ്വേഷത്തിനുള്ള വിജയകരമായ പ്രചരിപ്പിയിൽ തിങ്കളാഴ്ച ഒരു അനിഷ്ടസംഭവം മാത്രമേ ഉണ്ടായുള്ളൂ. ഡോ കിംഗ് ഹോട്ടൽ ആൽബർട്ടിൽ മുറിയെടുക്കാൻ പേരു രജിസ്റ്റർ ചെയ്യുകൊണ്ടിരുന്നപ്പോഴാണ്, കോപിഷ്ടനായ ഒരു വർഗ്ഗവിദ്വേഷവാദി അദ്ദേഹത്തെ പ്രഹരിച്ചു. ഉടനെ സെൽമായിലെ പൊതുജനസുരക്ഷിതത്വത്തിന്റെ മുഖ്യതല വഹിക്കുന്ന ഉദ്യോഗസ്ഥൻ (പബ്ലിക് സേഫ്റ്റി ഡയറക്ടർ) വിൽസൺ ബേക്കർ അവിടെ ഓടിയെത്തുകയും ആ വർഗ്ഗവിദ്വേഷവാദിയെ പിടിച്ചുമാറ്റുകയും കയ്യോടുവും സമാധാനലംഘനമുണ്ടാക്കുന്ന കുറ്റങ്ങൾ ചുമത്തി അയാളെ ജയിലിലടക്കുകയും ചെയ്തു. ഫർമിങ്ങാംകാരനായ ജിമ്മി ജോജ്ജ് റോബിൻസനാണ് അയാളെന്നും സ്റ്റോറുകളുടെ അവകാശങ്ങൾക്കുവേണ്ടി വാദിക്കുന്ന സമരോൽസുകരായ വർഗ്ഗവിദ്വേഷവാദികളുടെ ദേശീയ സംഘടനയിൽ ഒരംഗമാണയാളെന്നും പിന്നീട് മനസ്സിലായി.

ഡോ: കിംഗിന്റെ സ്മാരകമായ പദ്ധതികളൊന്നും ഏറാറില്ല. റോബിൻസനെ അറസ്റ്റ് ചെയ്യുന്നതിനു താരിതനടപടി സ്വീകരിച്ച സെൽമാ പോലീസിനെ അദ്ദേഹം അഭിനന്ദിച്ചു. റോബിൻസനെ അറസ്റ്റ് ചെയ്യുന്നുള്ള വാറണ്ട് പരിപ്പെടുവിക്കാൻ നടപടിയെടുപ്പിക്കുന്നതിനു സ്വമേധയാ മുന്നോട്ടുവന്ന ഹോട്ടൽ മാനേജർ റോബർട്ട് ഗേയേയും അദ്ദേഹം പ്രശംസിച്ചു.

....

കപ്പൽ ലേലത്തിൽ

ബോംബെ, ജനു: 19

ബോംബെ പോർട്ട് ട്രസ്റ്റിന്റെ ആഫീസിൽവെച്ച് 25000 ടൺ കേവ് ഭാരമുള്ള 'ഇയസ്റ്റ് ഫാംപ്റ്റാൺ' എന്ന ഒരു അമേരിക്കൻ കപ്പൽ ലേലം വിളിച്ചുവിറ്റിക്കുന്നു. സ്കോട്ടിലെ പെറിമാക് ഷാർസ്റ്റോട്ട് ഷൈപ്സ് പ്രസിഡണ്ട് ശ്രീമതി ഷെൽക്കിഖാൻജാഹ്, 2615000 അമേരിക്കൻ ഡോളറിന് കപ്പൽ ലേലത്തിൽ പിടിച്ച് ലേലത്തിൽ പങ്കുകൊള്ളുന്നതിന് അമേരിക്കയിൽനിന്നും വിമാനമാർഗ്ഗം അദ്ദേഹം ബോംബെയിൽ എത്തുകയാണുണ്ടായതു്.

കപ്പലുടമകളുമായി ചർച്ചകൾ നടത്തുന്നതിനു വേണ്ടിയാണ് ഇവർ ഇന്ത്യയിൽ വന്നിട്ടുള്ളതെന്നും, ഇവർ കപ്പൽ പൊളിക്കുന്നതിനു വിൽക്കുകയാണെന്നും അഭിപ്രായമുണ്ട്.

(പി ടി ഐ)

ഐരാസയിൽനിന്നുള്ള പിന്മാറ്റം പിൻവലിക്കണം

സിരിമാവോയും നാസ്സറും ടിറോയും സുക്കാർണോയോടഭ്യർത്ഥിക്കുന്നു

(റോയിട്ടർ) ബെൽഗ്രേഡ് ജനു 19

ഐക്യരാഷ്ട്രസഭയിൽനിന്നും പിന്മാറാനുള്ള ഇൻഡോനേഷ്യയുടെ തീരുമാനം പുനഃപരിശോധിക്കണമെന്ന് പ്രസിഡണ്ട് ടിറോയും പ്രസിഡണ്ട് നാസ്സറും മിസ്സിസ് സിരിമാവോ ബന്ദാരനായകെയും പ്രസിഡണ്ട് സുക്കാർണോയോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്ന് യുഗോസ്ലാവ് വാർത്താ ഏജൻസി 'താഞ്ചുഗ്' റിപ്പോർട്ടുചെയ്യുന്നു.

ഈ മൂന്നു രാഷ്ട്രങ്ങളിലെ സ്ഥാനപതിമാർ ചേർന്ന് ഇന്ന് ജക്കാർത്തയിൽവെച്ചാണ് ഈ സന്ദേശം സുക്കാർണോയെ ഏൽപ്പിച്ചതു്.

മലയേഷ്യയെ സെക്യൂരിറ്റി കൌൺസിലിലേക്ക് തിരഞ്ഞെടുക്കുന്നതിൽ ഇൻഡോനേഷ്യക്കുള്ള അതൃപ്തി തങ്ങൾ മനസ്സിലാക്കുന്നുവെന്നും പക്ഷേ, എല്ലാ ശ്രേഷ്ഠിയുള്ള കോമൺവെൽത്തിലെ അംഗങ്ങൾക്കും എതിരായ സമീപനമല്ല ഇൻഡോനേഷ്യയുടെ പിന്മാറ്റം അപകടത്തിലാക്കുകയുമാണെന്നും അദ്ദേഹം അവരുടെ സന്ദേശത്തിൽ പറയുന്നു.

കോൺഗ്രസ്സ് അല്ലെങ്കിൽ കോൺഗ്രസ്സ്

തിരു. ജനു 18

ആര്യനാട് നിയോജക മണ്ഡലത്തിൽ പെട്ട കോൺഗ്രസ്സ് പ്രവർത്തകരുടെ ഒരു യോഗം ഇന്ന് തിരുവനന്തപുരം എം എൽ എ കാർട്ടേഴ്സിൽകൂടി ശ്രീ വി ശങ്കരനെ സ്വീകരിച്ചു. നല്ലതു പക്ഷം മണ്ഡലത്തിലുള്ള കോൺഗ്രസ്സ് പ്രവർത്തകർ ഒന്നടങ്കം രാജിവെച്ച് കേരളാ കോൺഗ്രസ്സിൽ ചേരുന്നതിനു തീരുമാനിച്ചു. റോബർസ്ഥാനാർത്ഥിതപം ലഭിക്കുവാൻ ശ്രീ കെ എം ജോജ്ജിനെ കണ്ടു നിവേദനം നടത്തുന്നതിലേക്ക് 5 പേരടങ്ങുന്ന ഒരു നിവേദക സംഘത്തെ തെരഞ്ഞെടുക്കുകയും ചെയ്തു.

—

59 പ്രദർശനങ്ങളിൽ പങ്ക് കൊള്ളും

ബോൺ (ജർ)

1965 പശ്ചിമ ജർമ്മനിക്ക് അവിടെയും വിദേശങ്ങളിലുമായി നടക്കാൻപോകുന്ന 59 പ്രദർശനങ്ങളിൽ പങ്കെടുക്കാനുള്ള പ്രോഗ്രാമുണ്ട്. പുറ്റ് യൂറോപ്പിലെ മാർ മാഗങ്ങളിൽ നടക്കുന്ന 39 പ്രദർശനങ്ങളിൽകൂടി പശ്ചിമ ജർമ്മനി പങ്കെടുക്കുന്നതായിരിക്കും. 1965 മേയ് മാസത്തിൽ ഹാനോയിയിൽ ഒരു പ്രദർശനം നടത്തുന്നതും പശ്ചിമ ജർമ്മനിക്ക് ആലോചനയുണ്ട്. 7 വ്യവസായ വകുപ്പുകളിലെ ഏകദേശം 250 കമ്പനികളും ഈ അവസരത്തിൽ അവരുടെ ഉല്പന്നങ്ങളും പ്രദർശിപ്പിക്കുന്നതാണ്.

1964 ൽ ഫെഡറൽ മന്ത്രിസഭ കൃഷിയും വനവും വകുപ്പുകൾക്ക് വേണ്ടി ലണ്ടനിൽ ഒരു വ്യാപാരകേന്ദ്രം തുറന്നിട്ടുണ്ട്. 1965 ൽ ബാറ്റാൽ [ലേഖനത്തിൽ] ഒരു വ്യാപാരകേന്ദ്രം കൂടി തുടങ്ങുന്നതാണ്. അവിടെ വ്യവസായത്തിന്റെ അതിന്റെ വകസാധനങ്ങൾ പ്രദർശിപ്പിക്കാനുള്ള സൗകര്യമുണ്ടായിരിക്കും.

....

ബൊക്കാറൊ ഉരുക്ക് നിർമ്മാണശാല ഇന്ത്യയും, സോവിയറ്റുമായി കരാറിലെത്തി

(പി ടി ഐ) ന്യൂഡൽഹി ജനു. 20

ബൊക്കാറൊ ഉരുക്കുനിർമ്മാണശാല സ്ഥാപിക്കുന്നതിനെ സംബന്ധിച്ച ഇന്ത്യാ ഗവണ്മെന്റും, സോവിയറ്റ് യൂനിയനും തമ്മിൽ ജനുവരി 25ന് ഒരു കരാറിൽ ഒപ്പുവെക്കുമെന്നറിയുന്നു.

കഴിഞ്ഞ മൂന്നാഴ്ചയായി ഉരുക്ക് വകുപ്പിലെ ഉദ്യോഗസ്ഥന്മാരുമായി ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുന്ന സോവിയറ്റ് പ്രതിനിധി സംഘത്തിന്റെ നേതാവ് പി. മസർജീവ് റഷ്യക്കുവേണ്ടി കരാറിൽ ഒപ്പുവെക്കുന്നതാണ്.

ബൊക്കാറൊ മലമ്പ്രദേശത്തിലായിരുന്ന നാലാമത്തെ ഉരുക്ക് നിർമ്മാണശാലയാണ്. ആരംഭഘട്ടത്തിൽ അതിന്റെ ഉല്പാദനശേഷി 20 ലക്ഷം ടണ്ണായിരിക്കും. രണ്ടാംഘട്ടത്തിൽ ഉല്പാദനം 40 ലക്ഷം ടണ്ണായി വർദ്ധിക്കും.

....

ചർച്ചിൽ

[റോയിട്ടർ] ലണ്ടൻ ജനു 20

മരണവുമായി മല്ലടിച്ചുകൊണ്ടിരിക്കുന്ന സർ വിൻസൺ ചർച്ചിലിന്റെ സ്ഥിതിയിൽ യാതൊരു മാറ്റവുമില്ല അദ്ദേഹം ഒരു കോമയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇന്നലെ പകൽ മുഴുവൻ സർ വിൻസൺ ഉറങ്ങിയെന്നും അദ്ദേഹത്തിന്റെ ഡോക്ടർ മോറൻപ്രഭു പറഞ്ഞു. ഇന്നു രാവിലെ മുതൽ ചർച്ചിലിന്റെ സ്ഥിതിയിൽ പറയത്തക്ക മാറ്റമൊന്നുമില്ല.

സർ വിൻസൺ മരണവുമായുള്ള സമരം തുടർന്നുകൊണ്ടിരിക്കുകയാണെന്നും, പക്ഷെ ഇന്നലെരാത്രി നഷ്ടപ്പെട്ടത് ഇന്നദ്ദേഹത്തിന്നു വീണ്ടെടുക്കുവാൻ കഴിഞ്ഞിട്ടില്ലെന്ന് ബ്രിട്ടീഷ് മെഡിക്കൽ അസോസിയേഷന്റെ ഒരു വക്താവു പറഞ്ഞു. മോറൻപ്രഭു ഇന്നലെ രാത്രി ചർച്ചിലിന്റെ വസതിയിൽ 27 മിനിട്ട് നേരം ഉണ്ടായിരുന്നു അതിനുശേഷമാണ് അദ്ദേഹം രാജ്ഞിയുടെ അതിനുവേണ്ടി പ്രസിദ്ധീകരിച്ചതു്.

—

സോവിയറ്റ് സ്പോടനത്തിന്റെ വിവരങ്ങൾ അമേരിക്ക ചോദിക്കുന്നു

(എ. എഫ്. പി)

വാഷിംഗ്ടൺ ജനു: 20

അന്തരീക്ഷത്തിൽ അണുപ്രസരമുണ്ടാക്കിയ സോവിയറ്റ് ഭൂഗർഭ അണുസ്ഫോടനത്തിന്റെ വിവരങ്ങൾ അമേരിക്ക സോവിയറ്റ് യൂനിയനോട് ആവശ്യപ്പെട്ടിരിക്കുന്നു. ഇന്ന സ്ഫോടനം അണുശക്തികമ്മീഷൻ രേഖപ്പെടുത്തുകയുണ്ടായി. ജപ്പാനിലെ അന്തരീക്ഷത്തിൽ അണുപ്രസരം ഉണ്ടാകുകയും ചെയ്തു. ആയിരത്തോളം കിലോടൺ ശക്തിയുള്ള ഒരണുസാധനമാണ് ഒപോട്ടിച്ചിട്ടുള്ളതെന്നും അണുശക്തികമ്മീഷൻ പറഞ്ഞു.

—

കടലാസ്സ് നിർമ്മാണം

ന്യൂഡൽഹി, ജനു 19

ഇന്നവിടെ പേപ്പർ കടലാസിനും പഠിപ്പിനും മറ്റും ബന്ധപ്പെട്ട വ്യവസായങ്ങൾക്കുമുള്ള വികസനകൗൺസിൽ യോഗത്തിൽ, കടലാസിൻറോയും കടലാസ് ബോർഡിന്റേയും നാലാംപദ്ധതിയിലെ ഉല്പാദനലക്ഷ്യം 12 ലക്ഷം ടണ്ണായിരിക്കണമെന്ന് തീരുമാനിക്കപ്പെട്ടു. മുസ്ലീംന്യൂനകമ്മീഷനും താൽക്കാലികമായി ഇതു സ്വീകരിച്ചിട്ടുണ്ട്.

വിവിധ ഇനം കടലാസുകൾ നിർമ്മിക്കുന്നതിന് കരിമ്പിൻചണ്ടികൊണ്ട് കടലാസ് നിർമ്മിക്കുന്നതിന്റെ സാദ്ധ്യതകൾ വിശദമായി വിദേശങ്ങളിൽ വേണ്ടത്ര വികസിച്ചിട്ടുണ്ട്. പഞ്ചസാരമില്ലുകളിലെ ബോയിലറിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തിയാൽ കൂടുതൽ കരിമ്പിൻചണ്ടി ലഭ്യമാകുന്നതാണ്.

ഈ വ്യവസായത്തിന്റെ ദീർഘകാലവളർച്ചയെ മുൻനിറുത്തി ഫൈൻമരങ്ങൾ, മുള എന്നിവ കൂടുതലായി വെച്ചുപിടിപ്പിക്കേണ്ടതുണ്ട്.

കടലാസുമില്ലുകൾക്ക് മുഴുവൻ മാറവു നല്പന്നങ്ങളും വിതരണം ചെയ്യുന്നതിൽ സംസ്ഥാനഗവണ്മെന്റുകൾ ഐകരൂപ്യമുള്ള ഒരു നയം സ്വീകരിക്കണമെന്നും, മുളയും മറവും വളർത്തുന്നതു സംബന്ധിച്ചു പദ്ധതികൾ ആവിഷ്കരിക്കേണ്ടതും പെട്ടെന്ന് നടപ്പാക്കേണ്ടതുമാണെന്നും കൗൺസിലിന്റെ വൈസ്ചെയർമാൻ ശ്രീ എം എൽ സുറ്റ്ഷി അഭിപ്രായപ്പെട്ടു. വിപുലീകരണവിഷയത്തിൽ ഈ വ്യവസായം നേരിടുന്ന സാമ്പത്തികപ്രശ്നങ്ങളെക്കുറിച്ചും ശ്രീ ബുറാഷി പരാമർശിക്കുകയുണ്ടായി.

—

ക്ഷേമരാഷ്ട്രത്തിൽ

തിരുവനന്തപുരം ജനു. 19

കേരളത്തിൽ പുള്ളുമായി ജോലിയുള്ളവർ 900000 പേരാണ്. 1900000 പേർക്ക് ഭാഗികമായേ കുറച്ചുസമയം മാത്രമേ ജോലിയുള്ളൂ. 300000 പേർ ജോലിചെയ്യാൻ സന്നദ്ധരായിട്ടുണ്ട്. പക്ഷേ ജോലി കിട്ടിയിട്ടില്ല.

കേരളത്തിലെ ഫാക്ടറികളിൽ 75ശതമാനവും 50 ജോലിക്കാരിൽ കുറവുള്ളതാണ്. ഫാക്ടറി ജോലിക്കാരുടെ വാഷ്കവരുമാനം ശരാശരി 700 രൂപയാണ്. ഭാരവണ്ടിയിൽ പൊതുവേ ഒരു ഫാക്ടറി ജോലിക്കാരന്റെ വാഷ്കവരുമാനം ശരാശരി കേരളത്തിലതിനേക്കാൾ 500 രൂപ കൂടുതലാണ്. അതായതു് 1200രൂ പയാണ്.

മലയേഷ്യൻ രംഗം

ആക്രമണമുണ്ടായാൽ ബ്രി: സേനതിരിച്ചടിക്കുമോ?

ബ്രിട്ടീഷ് ജനറൽ പോദ്യത്തിൽ നിന്നൊഴിഞ്ഞുമാറുന്നു

(കു. എഫ്. പി.) സിങ്കപ്പൂർ, ജനുവരി 20

ഇന്തോനേഷ്യയുടെ പൂർണ്ണമായ ഒരാക്രമണത്തെ തടയുന്നതിനു വേണ്ടിയല്ല മലയേഷ്യയിൽ ബ്രിട്ടനിപ്പോൾ ബ്രിട്ടൻറെ നയിക്കുന്നതെന്ന് ബ്രിട്ടീഷ് മിലിട്ടറി കമാൻഡർ ജനറൽ സർ ജെയിംസ് കാസ്സൽസ് സമ്മതിച്ചിരിക്കുന്നു.

എന്നിരുന്നാലും ഇപ്പോഴത്തെ സ്ഥിതിഗതികളെ നേരിടുന്നതിനു് ആവശ്യമായ സേനകളുണ്ട്. ആവശ്യമാണെന്നുവന്നാൽ മുഴുവൻ സമയത്തിനുള്ളിൽ കൂടുതൽ സേനകളെ എത്തിക്കുവാനും കഴിയും. ഇന്തോനേഷ്യയുടെ ഉപദേശമനുസരിക്കുന്നതുകൊണ്ട്, ഏതാനും സംവേദികസേനയും നേരിടുന്നതിനു് മുൻകൂട്ടി പ്ലാൻ ചെയ്യാതിരിക്കുന്നതു് ബുദ്ധിപൂർവ്വകമല്ലെന്നു് അദ്ദേഹം പറഞ്ഞു.

ഇന്തോനേഷ്യൻ ആക്രമണമുണ്ടായാൽ ബ്രിട്ടീഷ് സേന തിരിച്ചടിക്കുമോയെന്ന ഒരു ചോദ്യത്തിനു് മറുപടി പറയാതെ അദ്ദേഹം ഒഴിഞ്ഞുമാറി.

അതേതു രാഷ്ട്രീയ പശ്ചാത്തലത്തിലാണെന്നും അതിനെ സംബന്ധിക്കുന്ന പ്രവർത്തനത്തിന്റെ പരിധിക്ക് പുറത്താണെന്നും അദ്ദേഹം പറഞ്ഞു. കഴിഞ്ഞ രണ്ടു് മാസമായി ഫോസ്റ്റിയെ അതിർത്തികളിൽ ഇന്തോനേഷ്യ സേനകളെ കേന്ദ്രീകരിക്കുന്നുണ്ടെന്നു് ജനറൽ പ്രസ്താവിച്ചു.

—0—

ജെമിനി ബഹിരാകാശ പേടകം പരീക്ഷണം വിജയിച്ചു

(റോയിട്ടർ) കേപ്പ് കെന്നഡി

പ്ലോറിഡ, ജനു. 20

ഇലക്ട്രോണിക്സ് രംഗത്തെ വഴിച്ചുകൊണ്ട് ഒരു ജെമിനി ബഹിരാകാശപേടകം ഇവിടെനിന്ന് ഒരു പരീക്ഷണപറക്കൽ നടത്തി. ഒരു ടൈറ്റൻ റോക്കറ്റിൽനിന്നും തൊടുത്തുവിട്ട ബഹിരാകാശപേടകം 2000 നാഴിക ഉയരത്തിൽ ചെന്നുവീണു. അവിടെ കാണുന്നിന്നിരുന്ന കപ്പലുകൾ പേടകത്തെ വീണ്ടെടുത്തു.

പരീക്ഷണം പൂർണ്ണവിജയമാണെന്ന് ജ്യോറിപ്പിച്ചിട്ടുകൾ പ്രഖ്യാപിച്ചു. പേടകത്തിൽ രണ്ടു സീറ്റുകളുണ്ടായിരുന്നു. പരീക്ഷണപറക്കൽ വിജയിച്ച സ്ഥിതിക്ക് ഇപ്പോൾ ലഭ്യമായ വിവരങ്ങൾ ഗ്രിസ്സം, ജോണ്സ്വങ്ങ് എന്നീ പേടകത്തിൽ ബഹിരാകാശസഞ്ചാരം നടത്തുന്നതാണ്.

....



പ്രത്യേക തരത്തിൽ തയ്യാറാക്കപ്പെട്ടതു്:
ഗോൾഡൻ ടുബാക്കോ കമ്പനി പ്രൈവറ്റ് ലി. ബോംബെ–56.
ഇന്ത്യൻ വ്യവസായത്തിൽ ഭാരതത്തിലെ ഏറ്റവും വമ്പിച്ച സ്ഥാപനം

Greens' Advts.

തെരഞ്ഞെടുപ്പ്

പോസ്റ്റ്മോർട്ടം	90
ജലദോഷം	125
പത്രാധിപരുടെ മരുന്നു	455

1965 ജനുവരി 21 മംഗളം വ്യാഴം

കേരളത്തിലെ തിരഞ്ഞെടുപ്പ്

.....

III

കോൺഗ്രസ്സ് പാർട്ടിക്ക് നിരവധി ദൃഷ്ടാന്തങ്ങളുണ്ടെങ്കിലും കോൺഗ്രസ്സ് ഭരണത്തിൽ നന്മതിന്മകൾ കലർന്നിരുന്നുവെങ്കിലും അതുപോലെ ഇന്നും ഭാരതത്തിലെ പ്രമുഖ രാഷ്ട്രീയപാർട്ടി സുഷ്കേതമാണ് ഒരു ഗവൺമെണ്ടുണ്ടാക്കുന്നതിന് അതിനല്ലേ കഴിയൂ എന്നൊക്കെ പലരും ചോദിക്കുന്നതായി കേട്ടിട്ടുണ്ട്.

ഇന്ത്യയുടെ ഭരണത്തിന്റെ ഭാരം കോൺഗ്രസ്സ് തന്നെയാണ്, മറ്റു പാർട്ടികൾക്കൊന്നും എത്താൻ സാധിക്കാത്തത്ര ഉയരത്തിൽ പൊങ്ങിനിൽക്കുന്നതാണ് ഞങ്ങൾ സമ്മതിക്കുന്നു. അക്കാരണംകൊണ്ടു തന്നെ അതിനെ എന്നെന്നും തഴുകിത്തലോലിച്ചുകൊണ്ടു നടക്കണമെന്നു പറയുന്നതു കേവലം യുക്തിരഹിതമായ ഒരു വാദമുഖമാണ്. കോൺഗ്രസ്സ് ഏറ്റവും വലിയ രാഷ്ട്രീയപാർട്ടിയാകാൻ കാരണം അതിവിടെ രാഷ്ട്രീയരംഗത്തു് ആദ്യമായി ഉടലെടുത്ത സംഘടനയായതുകൊണ്ടാണ്. കോൺഗ്രസ്സ് സംഘടനാ രൂപംകൊണ്ടിട്ട് 80 കൊല്ലമായെങ്കിൽ മറ്റു പാർട്ടികൾ രൂപം പ്രാപിച്ചിട്ട് കണ്ടു മുതൽ പന്ത്രണ്ടുവരെ കോല്ലങ്ങളെ ആയിട്ടുള്ളൂ. പന്ത്രണ്ടു വയസ്സായവൻ എന്താണ് എന്നോ മറ്റോ ഒരു പ്രായമാകുന്നതെന്നു് 80 വയസ്സുകാരൻ ചോദിച്ചാൽ അതു് ഉത്തരത്തിനർഹമായില്ലാത്ത ഒരു ചോദ്യമാണ്.

ദൈവകൃപയും എതൃയുണ്ടായാലും ഒരേ പാർട്ടിതന്നെ തോറ്റി വളർത്തണമെന്നു പറയുന്നതു് അപകടസന്ധിയിൽനിന്നു രക്ഷപ്പെടുന്നതിനുവേണ്ടിയുള്ള ചിന്താഗതിയാണു്. രാഷ്ട്രീയപാർട്ടികളും നിലകൊള്ളുന്നതു് ജനങ്ങൾക്കു് നല്ലതു ചെയ്യുന്നതിനാണു്. അതുകൊണ്ടു തന്നെ അതിനെ എന്നെന്നും തഴുകിത്തലോലിച്ചുകൊണ്ടു നടക്കണമെന്നു പറയുന്നതു്

ലീഗിനെ നിലനിർത്തുന്നതു് പാകിസ്ഥാനവേണ്ടി

ഇ. എം. എസ്. ഒരു കുട്ടനാവു, എസ്.എസ്.പി. കേരളത്തിനു വിപത്തു

കമ്പളത്തു ശങ്കുപിള്ളയുടെ ആരോപണങ്ങൾ

കോല്ലം, ജനു. 19

എസ്. എസ്. പി. ഈ രാജ്യത്തിനു് ഏറ്റവും വലിയ അപകടമാണെന്നു് ശ്രീ. കമ്പളത്തു് ശങ്കുപിള്ള പ്രസ്താവിച്ചിരിക്കുന്നു.

കാലാകാലങ്ങളിൽ കിട്ടുന്നതിനുവേണ്ടി എല്ലാ ധാർമ്മിക മൂല്യങ്ങളേയും കാറ്റിൽ പറത്തുന്നവരാണു് എസ്. എസ്. പി-ക്കാർ. എസ്. എസ്. പി-യുടെ നിലപാടാണു് ഇടതുപക്ഷ കമ്മ്യൂണിസ്റ്റുകാരെ ഒരുമിക്കുന്നതിനു് പ്രേരിപ്പിച്ചതെന്നും ശ്രീ. കമ്പളം അഭിപ്രായപ്പെട്ടു.

ശ്രീ. ഇ. എം. എസ്സിന്റെ ഈ അഭിപ്രായങ്ങളോടു കടുത്ത അഭിപ്രായവ്യത്യാസമുണ്ടെങ്കിലും കേരളത്തിലെ ഭരണപക്ഷത്തിന്റെ മുമ്പിൽ ഇതാണോ പിലപ്പോകുന്നതെന്നുള്ള കാര്യം പഠിക്കണമെന്നു് ശ്രീ. കമ്പളം പറഞ്ഞു. ഒരു ഐക്യമുന്നണിയുണ്ടാക്കുന്നതിനുള്ള ശ്രമത്തിൽ ഇ. എം. എസ്. കട്ടുറുമ്പായിരുന്നു എന്നു് അദ്ദേഹത്തിനു സമ്മതിക്കേണ്ടിവരുമെന്നു് ശ്രീ. കമ്പളം പറഞ്ഞു. ഒരു ഐക്യമുന്നണിയുണ്ടാക്കുന്നതിനുള്ള ശ്രമത്തിൽ ഇ. എം. എസ്. കട്ടുറുമ്പായിരുന്നു എന്നു് അദ്ദേഹത്തിനു സമ്മതിക്കേണ്ടിവരുമെന്നു് ശ്രീ. കമ്പളം പറയുകയുണ്ടായി.

ഇ. എം. എസ്സിനെ സംബന്ധിച്ചു് ഭരണത്തോടു മകൻ ചേരുന്നതിലും തരക്കേടില്ല, മരുമകളുടെ ഉദ്യോഗം കാണണം എന്ന നിലപാടാണു്, ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് കാരുടെ ഒരു സീറ്റെങ്കിലും കിട്ടിയിട്ടില്ലെങ്കിലും തരി വലതുപക്ഷ കമ്മ്യൂണിസ്റ്റുകാരെ തോല്പിച്ചാൽ മതി.

ഏതായാലും ഇവിടത്തെ ദീർഘകാലത്തെ അഴിമതിഭരണത്തിനെതിരായി ഒരു ഇടതുപക്ഷ പുരോഗമന ജനാധിപത്യ ഗവർമ്മെന്റുണ്ടാക്കാനുള്ള സാധ്യത ഇ. എം. എസ്സ്. ഇല്ലാതാക്കിയിരിക്കയാണെന്നും ശ്രീ. കമ്പളം പ്രസ്താവിച്ചു.

(ആരോപണവിധേയമായ ഈ പാട്ടി കളേയും കമ്പ, ഡബ്ലൂ, ആർ. എസ്. പി. സംഘടനകളേയും കൂട്ടിയിണക്കുവാനും മലനാടു്, കെ. ടി. പി. പ്രസ്ഥാനങ്ങളുമായി ധാരണയുണ്ടാക്കാനും കഴിഞ്ഞതിലുപരിയായി നടന്ന ശ്രമങ്ങൾക്കു് ഏറ്റവും അധികം നേതൃത്വം കൊടുത്തതു് കമ്പളമായിരുന്നു. — തൊ. പ)

ആറാമതു് ബാലചിത്രപ്രദർശനവും കലോത്സവവും ആരംഭിച്ചു

നാല്പതിനായിരം നീണ്ടുനില്ക്കുന്ന ബഹുമുഖ പരിപാടികളും

(സ്വ. ലേ) എറണാകുളം, ജനുവരി 20

അഖിലകേരള ബാലജനസഖ്യത്തിന്റെ ആറാമതു് ബാലചിത്ര പ്രദർശനവും കലോത്സവവും വിവിധ പരിപാടികളോടെ ഇന്നിവിടെ ടി. ഡി. എം. ഹാളിൽ ആരംഭിച്ചിരിക്കുന്നു.

പരിപാടികളും 21, 22, 23 എന്നീ തീയതികളിലും നടത്തുന്നതായിരിക്കും.

ഇതു് സംബന്ധിച്ചു് ഇന്നു രാവിലെ 8 മണിക്കു് പ്രൊ. ചന്ദ്രഹാസൻ സമ്മേളനസ്ഥലത്തു് പതാക ഉയർത്തൽ കർമ്മം നിർവ്വഹിച്ചു. തുടർന്നു് എറണാകുളം ഡി. ഇ. ഒ. പി. എം. ജോജിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽവെച്ചു് ആർട്ടിസ്റ്റു് രാമൻ പരിപാടികളുടെ ഉൽഘാടനം ചെയ്തു.

ഇന്ന ബാലചിത്രപ്രദർശനം എല്ലാവർക്കും സൗജന്യമായി കാണാവുന്നതാണു്. വൈകുന്നേരം 5-30 നു് ഡൽഹിയിലെ ഇന്ത്യൻ അഡ്വാസിഡർ ശ്രീ. കെ. എം. കണ്ണമ്പിള്ളി പരിപാടികളുടെ ഔപചാരികമായി ഉൽഘാടനം ചെയ്യുകയുണ്ടായി. സമ്മേളനത്തിൽ എം. എൽ. എസ്സൻ അദ്ധ്യക്ഷം വഹിച്ചു. രണ്ടാം ദിവസം രാവിലെ 9-30 നു് മഹാകവി ജി. ശങ്കരക്കുറുപ്പു് ഉൽഘാടനം ചെയ്യുന്ന ബാലസാഹിത്യ സെമിനാർ കാശ്മീർ നീലകണ്ഠപിള്ളയുടെ അദ്ധ്യക്ഷതയിൽ ആരംഭിക്കുന്നതും ഉച്ചയ്ക്കുശേഷം എ. ഡി. ഹരിഹരശർമ്മയുടെ അദ്ധ്യക്ഷതയിൽ ചർച്ചകൾ തുടരുന്നതുമാണു്. സെമിനാറിൽ സി. കൃഷ്ണൻനായർ, കോന്തിയൂർ രാഘവൻനായർ, മാറാട്ടുപ്പറം സുകുമാരൻ, ആർട്ടിസ്റ്റു് കെ. ജെ. മാത്യു, കല്ലേലിൽ രാഘവപിള്ള, കെ. മുഹമ്മദാലി, അഡ്വ. പത്മൻ, സി. പി. ശ്രീധരൻ തുടങ്ങിയവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും.

മൂന്നാംദിവസം രാവിലെ 9 മണിക്കു് ശിശുസമ്മേളനം ഫിലിം സ്റ്റാർ ബേബി വിനോദിനി ഉൽഘാടനം ചെയ്യുന്നതും മുനമ്പത്തെൽ ജോൺസൺ അദ്ധ്യക്ഷം വഹിക്കുന്നതുമാണു്. വൈകുന്നേരം ബാലകലോത്സവം ഉൽഘാടനം ചെയ്യുന്നതു് ശ്രീമതി ഗോപിനാഥമേനോൻ. ശ്രീകാര്യം നാരായണപണിക്കർ ചടങ്ങിൽ അദ്ധ്യക്ഷം വഹിക്കും.

നാലാംദിവസം വൈകുന്നേരം 5 മണിക്കു് ചേരുന്ന സമാപനസമ്മേളനത്തിൽ കെ. അയ്യപ്പൻ അദ്ധ്യക്ഷത വഹിക്കുന്നതും, കൊച്ചു, പോട്ടു ചൈതന്യൻ ശ്രീ. കെ. പി. കെ. മേനോൻ, ഐ. എ. എസ്. പരിപാടികൾ ഉൽഘാടനം ചെയ്യുന്നതുമാണു്. വിവിധ മത്സരങ്ങളിൽ വിജയികളാകുന്ന കുട്ടികൾക്കു് രാത്രി 9 മണിക്കു് ടി സി. രാഘവൻ സമ്മാനദാനം നിർവ്വഹിക്കും. വിവിധ സമ്മേളനങ്ങളിലായി വി. ആർ. കൃഷ്ണയ്യർ, ആർട്ടിസ്റ്റു് പി. ജെ. ചെറിയാൻ, ഡോ: മല്ലിക്കു് മുഹമ്മദു്, ആർട്ടിസ്റ്റു് രാഘവൻനായർ, ഡോ: കെ. എൻ. പണിക്കർ, കെ. എം. മാത്യു, പാലാ കെ. എം. മാത്യു, പി. എ. സൈയ്യദ് മുഹമ്മദ്, പ്രൊ: പി. എസ്. വേലായുധൻ, എൻ. കെ. എ. ലത്തീഫ്, എം. കെ. സാനു, സീനി, കൈവയലാർ തുടങ്ങിയവർ പ്രസംഗിക്കും. കലാപരിപാടികളും സെയ്ജന്യ പാസ്സുമൂലം നിയന്ത്രിക്കുന്നതാണു്.

— —

റിപ്പബ്ലിക് ദിനാഘോഷം

ചാവക്കാടു് ജനു. 19

ഗുരുവായൂർ ആർട്ട്സ് ക്ലബ്ബിന്റെ അനൗപചാരികയോഗം ജനുവരി 17-ാം തീയതി ക്ലബ്ബിന്റെ ഓഫീസിൽ കൂടി റിപ്പബ്ലിക് ദിനം ആഘോഷിക്കേണ്ടതിനെ പറ്റി ചർച്ചചെയ്തു. രാവിലെ പതാകവന്ദനവും മധുരപലഹാരവിതരണവും 3 മണിയ്ക്കു് മഹാഗീതവും ഉണ്ടായിരിക്കുന്നതാണു്. ക്ലബ്ബിന്റെ 'പുലരി' എന്ന കയ്യെഴുത്തു് മാസികയുടെ റിപ്പബ്ലിക് പതിപ്പു് ഉൽഘാടനവും അന്നേ ദിവസം മൂന്നു് മണിക്കു് നടത്തിയ ബാലചിത്രരചനാമത്സരത്തിലെ വിജയികൾക്കു് സമ്മാനദാനവും കഴിഞ്ഞാൽ വാർഷികജനറൽ യോഗവും ചേരുന്നതാണു്. ക്ലബ്ബിന്റെ ഏല്ലുക്കലും എല്ലാം അന്നേ ദിവസം നടത്തുവാനും തീരുമാനിച്ചു.

....

ബാലക്കോടു് സൂക്ഷ്മോപകരണശാല

റഷ്യൻ സഹായത്തോടെ ആരംഭിക്കുന്നു

മോസ്കോ ജനു: 19

പാലക്കോടു് ടൗൺ താമസിയാതെ ഒരു ഇൻസ്ട്രുമെന്റ് നിർമ്മാണഫാക്ടറി രംഗമായിത്തീരുന്നതാണു്. അതിലേക്കുള്ള പ്ലാനുകൾ ലെനിൻഗ്രാഡിൽ തയ്യാറാക്കിയിരിക്കുന്നതായി ഇന്നു് സൂപ്രസേജൻസി (സോവ്യാറ്റ് വാർത്താവിനിമയ ഏജൻസി) റിപ്പോർട്ടുചെയ്തിരിക്കുന്നു. ഈ ഫാക്ടറിയിൽ വർഷംതോറും 500000 ഷോക്ഗേജുകളും 1 ലക്ഷം മറ്റു കൺട്രോൾ ഇൻസ്ട്രുമെന്റുകളും ഇൻസ്ട്രുമെന്റുകളും നിർമ്മിക്കുന്നതാണു്.

രാജസ്ഥാനിൽ മറ്റൊരു ഇൻസ്ട്രുമെന്റ് ഫാക്ടറിക്കുള്ളപ്പോൾ ഇപ്പോൾ ലെനിൻഗ്രാഡിൽ മാത്രം പ്രാരംഭപ്രവർത്തനങ്ങൾ നടന്നുവരുന്നതായി ഇന്ത്യൻ അംബാസഡർ കെ. പി. എസ്. മേനോൻ ഇന്നലെ സോവിയറ്റ് വിദേശവ്യാപാരമന്ത്രി നിക്കോളായ് പാത്തോലിച്ചേവുമായി നടത്തിയ കൂടിക്കാഴ്ചയിൽ അറിയിച്ചു.

കെ. പി. എസ്സ്. എച്ച്. എയുടെ നിരീക്ഷണ പര്യടനം

ഉത്തൂർ, ജ. 20

ഉത്തൂർ ഡിസ്ട്രിക്ട് കെ പി എസ് എച്ച് എ യുടെ ആഭിമുഖ്യത്തിൽ, ഉത്തൂർ, പാവക്കാടു്, വിദ്യാഭ്യാസജില്ലകളിലെ വൈദ്യന്മാർ ഉൾപ്പെടുന്ന മാസ്റ്റർമാർ ഡി. ഇ. കെ. മാരുടെ നേതൃത്വത്തിൽ അടുത്ത തിങ്കളാഴ്ച പാലക്കാടു്, മാറാപ്പാലം ജില്ലകളിൽ ഒരു നിരീക്ഷണപര്യടനം നടത്തുന്നതും പല ഹൈസ്ക്കൂളുകളും സ്റ്റേറ്റ് യൂത്തു് ഫെസ്റ്റിവലും സന്ദർശിക്കുന്നതുമാകുന്നു.

-0-

ആക്ഷേപങ്ങളും ആവശ്യങ്ങളും

കല്ലുങ്കു് അപകടത്തിൽ

ചങ്ങനാശ്ശേരി മുനിസിപ്പൽ ഹൃദയഭാഗമായ വട്ടപ്പള്ളിയിൽ തെക്കേക്കുള്ള റോഡിലുള്ള കല്ലുങ്കിന്റെ 'സ്പാബു'കളിൽ പലതും തകർന്നു് കിടക്കുകയാണു്. രാവും പകലും ധാരാളം വാഹനങ്ങളും പാഞ്ചുപോകുന്ന ഈ പ്രധാനപ്പെട്ട വഴിയിലെ സ്പാബുകൾ തകർന്നു് കാണുവാൻ ഉത്തരവാദിത്വമുള്ള ആർക്കുതന്നെ കണ്ണില്ലാത്തതു പോകുന്നതു് പൊതുജനങ്ങളോടുള്ള ഒരുതരം അവഹേളനമാണു്. ഏതാനും മാസങ്ങൾക്കുമുമ്പാണു് ഈ സ്പാബുകൾ മാറ്റിയിട്ടതെങ്കിലും അന്നു് വേണ്ടപ്പെട്ടവരുമായി നടത്തിയ കയ്യാങ്കളിയുടെ ഫലം വളരെ വേഗത്തിൽ പുറത്തുവന്നതു് ഒരു സ്തുതിയായി അവശേഷിക്കുന്നു.

ചങ്ങനാശ്ശേരി സപ്ര. ലേ

കൃഷി നശിക്കുന്നു

കൊറ്റംകുളങ്ങര വാർഡിൽപ്പെടുകിടക്കുന്ന ഉദ്ദേശം 700 പറ വരുന്ന കരുമാംപാടശേഖരത്തിന്റെ ആവശ്യത്തിനായി തോട്ടുമുതോട്ടിൽ പണിതീർത്തിരിക്കുന്ന ചീപ്പിന്റെ രണ്ടു പലകകളും ഒരു വർഷത്തിനു മുമ്പ് കാണാതായതിനെത്തുടർന്നു് ഭരണവള്ളം കയറി കരേ കൃഷി നശിച്ചുവിവരം പത്രങ്ങളിൽകൂടി ബന്ധപ്പെട്ടവരുടെ ശ്രദ്ധ ക്ഷണിച്ചിട്ടും ഇന്നേവരെ ഈ അനീതികെട്ടിയവരെ കണ്ടുപിടിക്കുന്നതിനോ പകരം പലകകൾ ഉണ്ടാക്കിയിടുന്നതിനോ തയ്യാറാകാത്തതിനാൽ ഇവരുടെ കുടുംബം പട്ടിണിയിലാകുവാൻ പോകുന്നു. നിലകൃഷിയുള്ളവർക്കു് അർഹിക്കുന്ന 'ഡിക്കാർഡ്' കണക്കുശ്രദ്ധിക്കുന്നവർ വായ്പകണക്കുകൂട്ടി കുറവുവരുത്തുന്നതുകൊണ്ടു് ഇവർക്കു് ലോണുകൾ നോട്ടീസയക്കുന്നവർക്കോ ഇതൊന്നും തിരക്കാനും ശ്രദ്ധിക്കുന്നില്ല. 1 പറ നിലം മുതൽ 50 പറ നിലംവരെയുള്ള 80 ശതമാനം കർഷകരിൽപ്പെടുകിടക്കുന്ന താണ് ഈ പാടശേഖരം. വെള്ളം കയറാനുള്ള തിനും ഇറക്കുന്നതിനും വേണ്ടിവന്നാൽ ആവശ്യമുന്നയിക്കുന്നതിനും വേണ്ടിയാണു് തീരുമാനിച്ചിരിക്കുന്നതു്.

സപ്ര. ലേ

കൃഷി നശിക്കുന്നു

കൊറ്റംകുളങ്ങര വാർഡിൽപ്പെടുകിടക്കുന്ന ഉദ്ദേശം 700 പറ വരുന്ന കരുമാംപാടശേഖരത്തിന്റെ ആവശ്യത്തിനായി തോട്ടുമുതോട്ടിൽ പണിതീർത്തിരിക്കുന്ന ചീപ്പിന്റെ രണ്ടു പലകകളും ഒരു വർഷത്തിനു മുമ്പ് കാണാതായതിനെത്തുടർന്നു് ഭരണവള്ളം കയറി കരേ കൃഷി നശിച്ചുവിവരം പത്രങ്ങളിൽകൂടി ബന്ധപ്പെട്ടവരുടെ ശ്രദ്ധ ക്ഷണിച്ചിട്ടും ഇന്നേവരെ ഈ അനീതികെട്ടിയവരെ കണ്ടുപിടിക്കുന്നതിനോ പകരം പലകകൾ ഉണ്ടാക്കിയിടുന്നതിനോ തയ്യാറാകാത്തതിനാൽ ഇവരുടെ കുടുംബം പട്ടിണിയിലാകുവാൻ പോകുന്നു. നിലകൃഷിയുള്ളവർക്കു് അർഹിക്കുന്ന 'ഡിക്കാർഡ്' കണക്കുശ്രദ്ധിക്കുന്നവർ വായ്പകണക്കുകൂട്ടി കുറവുവരുത്തുന്നതുകൊണ്ടു് ഇവർക്കു് ലോണുകൾ നോട്ടീസയക്കുന്നവർക്കോ ഇതൊന്നും തിരക്കാനും ശ്രദ്ധിക്കുന്നില്ല. 1 പറ നിലം മുതൽ 50 പറ നിലംവരെയുള്ള 80 ശതമാനം കർഷകരിൽപ്പെടുകിടക്കുന്ന താണ് ഈ പാടശേഖരം. വെള്ളം കയറാനുള്ള തിനും ഇറക്കുന്നതിനും വേണ്ടിവന്നാൽ ആവശ്യമുന്നയിക്കുന്നതിനും വേണ്ടിയാണു് തീരുമാനിച്ചിരിക്കുന്നതു്.

സപ്ര. ലേ

പതിയിരുന്നാക്രമിച്ചു

[സ്വ ലേ] പോട്ട, ജനു 19

പോട്ട പള്ളിയിലേക്കു് പോകുംവഴി ഇന്നലെ രാത്രി മഞ്ഞപ്രക്കാരൻ റപ്പായി എന്ന ഒരു യുവാവിനെ ആരോ ഒരു വൻ കല്ലുകൊണ്ടടിയിൽ പതിയിരുന്നു് ആക്രമിച്ചതായി ഒരു പരാതിയുണ്ടായിട്ടുണ്ടു്.

റപ്പായി പൊടോമാക്കു് വാടകക്കു് കൊടുക്കുന്നവനാണു്. പള്ളിയിൽ നേരത്തെ കത്തിച്ചുവച്ചപോന്ന വിളക്കുകൾ കണ്ടുന്നതിനെയെന്നു് പരിശോധിക്കാൻ പോകുന്ന അവസരത്തിലാണു് ഈ ആക്രമണം നടന്നതു്.

— —

കെ. പി. എസ്സ്. എച്ച്. എയുടെ നിരീക്ഷണ പര്യടനം

ഉത്തൂർ, ജ. 20

ഉത്തൂർ ഡിസ്ട്രിക്ട് കെ പി എസ് എച്ച് എ യുടെ ആഭിമുഖ്യത്തിൽ, ഉത്തൂർ, പാവക്കാടു്, വിദ്യാഭ്യാസജില്ലകളിലെ വൈദ്യന്മാർ ഉൾപ്പെടുന്ന മാസ്റ്റർമാർ ഡി. ഇ. കെ. മാരുടെ നേതൃത്വത്തിൽ അടുത്ത തിങ്കളാഴ്ച പാലക്കാടു്, മാറാപ്പാലം ജില്ലകളിൽ ഒരു നിരീക്ഷണപര്യടനം നടത്തുന്നതും പല ഹൈസ്ക്കൂളുകളും സ്റ്റേറ്റ് യൂത്തു് ഫെസ്റ്റിവലും സന്ദർശിക്കുന്നതുമാകുന്നു.

-0-

മരുന്നുപെട്ടിയിലെ താപസർ

പ്രോത്താനിക്കാടു്, ജനു. 19

സ്ഥലത്തെ ഗവ. ആസ്പത്രിയിലേയ്ക്കു് ഗവണ്മെന്റിൽനിന്നും അനുവദിച്ചുവന്ന മരുന്നുപെട്ടികളിൽ ഒന്നു് പൊട്ടിച്ചിട്ടുപോലും മുന്നു് അറ്റണ്ടർമാർ ചേർന്നു് കടത്തിക്കൊണ്ടുപോയതായി കണ്ടെത്തിയിട്ടുണ്ടു്. ഇന്നലെ ചേർന്ന കമ്മറ്റിയിലേയ്ക്കു് ഡോ. മാനുവൽ സക്കറിയ സെക്രട്ടറി റിപ്പോർട്ടു് അവതരിപ്പിച്ചപ്പോഴാണു് ഈ വിവരം വെളിപ്പെട്ടതു്. ഗവണ്മെന്റിൽനിന്നും കിട്ടുന്ന മരുന്നുകൾ ഇവിടത്തെ ഗവ. ആസ്പത്രിയിലേയ്ക്കു് മാത്രമുള്ളതാണെന്നും അവ പുറത്തുകൊണ്ടുപോകുന്നതു് കുറ്റകരമാണെന്നും ഡോ. മാനുവൽ സക്കറിയ ചൂണ്ടിക്കാണിച്ചു. ഈ മരുന്നുപെട്ടികൾ കൈവശപ്പെടുത്തിയ അറ്റണ്ടർമാരിൽ ഒരാൾ ഇപ്പോൾ ഒളിവിലാണു്. മറ്റുള്ളവർ ഇതിനു് ഉത്തരവാദികളല്ലെന്നു് കണ്ടു് അവരെ വെറുതെ വിടുകയും ചെയ്തു.

— —

പതിയിരുന്നാക്രമിച്ചു

[സ്വ ലേ] പോട്ട, ജനു 19

പോട്ട പള്ളിയിലേക്കു് പോകുംവഴി ഇന്നലെ രാത്രി മഞ്ഞപ്രക്കാരൻ റപ്പായി എന്ന ഒരു യുവാവിനെ ആരോ ഒരു വൻ കല്ലുകൊണ്ടടിയിൽ പതിയിരുന്നു് ആക്രമിച്ചതായി ഒരു പരാതിയുണ്ടായിട്ടുണ്ടു്.

റപ്പായി പൊടോമാക്കു് വാടകക്കു് കൊടുക്കുന്നവനാണു്. പള്ളിയിൽ നേരത്തെ കത്തിച്ചുവച്ചപോന്ന വിളക്കുകൾ കണ്ടുന്നതിനെയെന്നു് പരിശോധിക്കാൻ പോകുന്ന അവസരത്തിലാണു് ഈ ആക്രമണം നടന്നതു്.

— —

പാലക്കോടു് സൂക്ഷ്മോപകരണശാല

റഷ്യൻ സഹായത്തോടെ ആരംഭിക്കുന്നു

മോസ്കോ ജനു: 19

പാലക്കോടു് ടൗൺ താമസിയാതെ ഒരു ഇൻസ്ട്രുമെന്റ് നിർമ്മാണഫാക്ടറി രംഗമായിത്തീരുന്നതാണു്. അതിലേക്കുള്ള പ്ലാനുകൾ ലെനിൻഗ്രാഡിൽ തയ്യാറാക്കിയിരിക്കുന്നതായി ഇന്നു് സൂപ്രസേജൻസി (സോവ്യാറ്റ് വാർത്താവിനിമയ ഏജൻസി) റിപ്പോർട്ടുചെയ്തിരിക്കുന്നു. ഈ ഫാക്ടറിയിൽ വർഷംതോറും 500000 ഷോക്ഗേജുകളും 1 ലക്ഷം മറ്റു കൺട്രോൾ ഇൻസ്ട്രുമെന്റുകളും ഇൻസ്ട്രുമെന്റുകളും നിർമ്മിക്കുന്നതാണു്.

രാജസ്ഥാനിൽ മറ്റൊരു ഇൻസ്ട്രുമെന്റ് ഫാക്ടറിക്കുള്ളപ്പോൾ ഇപ്പോൾ ലെനിൻഗ്രാഡിൽ മാത്രം പ്രാരംഭപ്രവർത്തനങ്ങൾ നടന്നുവരുന്നതായി ഇന്ത്യൻ അംബാസഡർ കെ. പി. എസ്. മേനോൻ ഇന്നലെ സോവിയറ്റ് വിദേശവ്യാപാരമന്ത്രി നിക്കോളായ് പാത്തോലിച്ചേവുമായി നടത്തിയ കൂടിക്കാഴ്ചയിൽ അറിയിച്ചു.

ചൈനയുടെ പരാതിമൂലം ജർമ്മൻ ചലച്ചിത്രം പ്രദർശിപ്പിക്കരുതെന്നു്

ഡൽഹിയിലെ അന്തർദ്ദേശീയ ചലച്ചിത്രോത്സവത്തിൽ സക്കാർ ഉത്തരവു്

ന്യൂഡൽഹി, ജനു. 20

ഇപ്പോഴിവിടെ നടന്നുവരുന്ന അന്തർദ്ദേശീയ ചലച്ചിത്രോത്സവത്തിന് ലഭിച്ചിട്ടുള്ള "ഗോൾസ്റ്റുഡംഗ്" ഇൻ മരിൻബ്രൗൺ" (മരിൻബ്രൗണിലെ കാലത്താമസം) എന്ന ജർമ്മൻ ചിത്രം പ്രദർശനത്തിൽനിന്നു പിൻവലിക്കണമെന്നു് ശിവാശർമ്മചെയ്യാൻ ഇന്ത്യാഗവർമ്മെണ്ടു് തീരുമാനിച്ചിരിക്കുന്നു.

സോവിയറ്റ് യൂണിയൻ ഒഴിച്ചുള്ളിടത്തിൽ ഈ ചിത്രം ആക്ഷേപാർഹമാണെന്നു് ഡൽഹിയിലെ റഷ്യൻ സ്ഥാനപതി കാര്യാലയം വിദേശകാര്യമന്ത്രാലയത്തോടു് പരാതിപ്പെട്ടിരുന്നു. ഈ പ്രശ്നത്തെപ്പറ്റിയുള്ള എതിരഭിപ്രായം ഉണ്ടാകുന്നതു് ഒഴിവാക്കാനാണു് ഗവർമ്മെണ്ടു് ഈ തീരുമാനമെടുത്തതു്.

പ്രസക്ത ചിത്രം ജർമ്മൻ ഫെഡറൽ ഗവർമ്മെണ്ടു് ഔദ്യോഗികമായി ചലച്ചിത്രോത്സവത്തിനു് സമർപ്പിച്ചതല്ല. മത്സരാടിസ്ഥാനത്തിലല്ലാതെ പ്രദർശിപ്പിക്കാൻ ഉത്സവത്തിന്റെ ഡയറക്ടറേറ്റർ അഭ്യർത്ഥിച്ചതനുസരിച്ചു് അയച്ചു കിട്ടിയതാണതു്.

—

മരുന്നുപെട്ടിയിലെ താപസർ

പ്രോത്താനിക്കാടു്, ജനു. 19

സ്ഥലത്തെ ഗവ. ആസ്പത്രിയിലേയ്ക്കു് ഗവണ്മെന്റിൽനിന്നും അനുവദിച്ചുവന്ന മരുന്നുപെട്ടികളിൽ ഒന്നു് പൊട്ടിച്ചിട്ടു് കാര്യമൊന്നുമുണ്ടായിരുന്നില്ലെന്നു് കണ്ടെത്തിയിട്ടുണ്ടു്. ഇന്നലെ ചേർന്ന കമ്മറ്റിയിലേയ്ക്കു് ഡോ. മാനുവൽ സക്കറിയ സെക്രട്ടറി റിപ്പോർട്ടു് അവതരിപ്പിച്ചപ്പോഴാണു് ഈ വിവരം വെളിപ്പെട്ടതു്. ഗവണ്മെന്റിൽനിന്നും കിട്ടുന്ന മരുന്നുകൾ ഇവിടത്തെ ഗവ. ആസ്പത്രിയിലേയ്ക്കു് മാത്രമുള്ളതാണെന്നും അവ പുറത്തുകൊണ്ടുപോകുന്നതു് കുറ്റകരമാണെന്നും ഡോ. മാനുവൽ സക്കറിയ ചൂണ്ടിക്കാണിച്ചു. ഈ മരുന്നുപെട്ടികൾ കൈവശപ്പെടുത്തിയ അറ്റണ്ടർമാരിൽ ഒരാൾ ഇപ്പോൾ ഒളിവിലാണു്. മറ്റുള്ളവർ ഇതിനു് ഉത്തരവാദികളല്ലെന്നു് കണ്ടു് അവരെ വെറുതെ വിടുകയും ചെയ്തു.

— —

കോൺഗ്രസ്സ് ഹിന്ദു വർഗ്ഗീയ വാദികളുടെ സംഘടനയാണു്

'രാമരാജ്യം' എന്ന വാക്കിനെ എതിർത്ത ജോർജ്ജ് ജോസഫ് ബാർ അറ്റോർണിയുടെ പേരുചൊല്ലും കോൺ: ചരിത്രത്തിലില്ലാത്തതിനെപ്പറ്റി

പുരുഷോത്തമൻ

പാലാ, ജനുവരി 19

ദേശീയതയെപ്പറ്റി മിണ്ടാത്ത ഒരു വാചകം പുറത്തിയക്കാൻ സാധിക്കാത്ത ശങ്കർ സ്വാതന്ത്ര്യ സമരകാലത്തു് ഭക്തിവിലാസത്തിലാണു് കുറ്റമടിച്ചിരുന്നതെന്നും മിയച്ചിൽ തലൂക്കിൽതന്നെ സ്വാതന്ത്ര്യ സമ്പ്പോരി ആർ. വി. തോമസും ഐ. സി. ബാക്കിയും പറഞ്ഞുകൊണ്ടിരുന്നപ്പോഴാണു് രംഗത്തില്ലാതിരുന്ന ശങ്കറിനു് പോട്ടവകാശമില്ലെന്നും ശങ്കറിനെപ്പറ്റിയുള്ള പരാമർശത്തിൽ ഇതുത്തിക്കൊണ്ടു് വി. ഐ. പുരുഷോത്തമൻ പ്രസ്താവിച്ചിരിക്കുന്നു.

ഇവിടത്തെ ഇപ്പോൾ ആത്മഹത്യാ മുഖശ്രേത്തിലെ മകരപ്പൊയ്ത്തോടനുബന്ധിച്ചു നടന്ന ഒരു സംസ്കാരികസമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

മുൻ മുഖ്യമന്ത്രി ശങ്കർ സമ്മേളനം ഉൽഘാടനം ചെയ്തു. സി. ആർ. കേശവൻവൈദ്യർ യോഗത്തിൽ അദ്ധ്യക്ഷം വഹിച്ചു. കെ. എം. ചാണ്ടി, പ്രൊഫസർ കെ. രാമകൃഷ്ണപ്പിള്ള, ടി. എ. മജീദ് എന്നിവരും പ്രസംഗിച്ചു. ടി. കെ. രവീന്ദ്രൻ സ്വാഗതമാശംസിച്ചു.

ശങ്കർ കോൺഗ്രസ്സിന്റെ മുഖ്യമന്ത്രിയും കെ.പി.സി.സിയുടെ പ്രസിഡണ്ടുമായിരുന്നവനും അദ്ദേഹം ഇന്നു വർഗ്ഗീയതയുടെ കാറും പാറയുന്നവനും അതു പാറയുവാനുള്ള അവകാശം ശങ്കറിനുമാണു് കോൺഗ്രസ്സിനോ ഇല്ലെന്നും കോൺഗ്രസ്സ്-ലീഗ് കൊടികൾ ഒരുമിച്ചു പാറുന്നിടത്തു കാലം ചൂണ്ടിക്കാണിച്ചുകൊണ്ടു വിശദീകരിച്ചു. അദ്ദേഹം പറഞ്ഞു: ഇടതുകമ്മ്യൂണിസ്റ്റുകാരും, ലീഗും ചേർന്നുള്ള ഐക്യത്തെ താൻ എതിർക്കുന്നു. എന്നാൽ അതുപറയാൻപോലുമുള്ള യോഗ്യത ശങ്കർക്കില്ല.

വർഗ്ഗീയം പ്രസംഗിക്കുന്ന മി. ടി. എ തോമ്മൻ കത്തോലിക്കാ കോൺഗ്രസ്സിന്റെ എക്സിക്യൂട്ടീവു മെമ്പർ ആയിരുന്നില്ലേ? മന്ത്രിയായിരുന്ന ശ്രീ എം പി. ഗോവിന്ദൻനായർക്കു് എൻ. എസ്. എസ്. നേതാക്കന്മാർക്കുവേണ്ടി ശുപാർശ കൊടുത്തിട്ടുണ്ടോ? ശ്രീ തൊമ്മനോടുള്ളതോ ചോദിച്ചു.

അഖിലേന്ത്യാ കോൺഗ്രസ്സ്തന്നെ ഹിന്ദുവർഗ്ഗീയവാദികളുടെ സംഘടനയാണു്. ഇന്ത്യാകൊണ്ടാണു് 'രാമരാജ്യം' എന്ന വാക്കിനെ എതിർത്ത ജോർജ്ജ് ജോസഫ് ബാർ അറ്റോർണിയുടെ പേരുചൊല്ലും കോൺഗ്രസ്സ് ചരിത്രത്തിലില്ലാത്തതു്. മന്ത്രിസഭയിൽനിന്നും രാജിയിൻകീഴ് ഭരിഷം മുഴുവൻ ഇപ്പോഴിയിൽ കൊണ്ടുവന്ന കൂട്ടത്തിലായിരുന്ന ശ്രീ. ശങ്കർ ചെയ്യുന്നു എന്നുള്ളതും പറഞ്ഞു. 17 വർഷത്തെ കോൺഗ്രസ്സുഭരണംകൊണ്ടു ജനങ്ങൾക്കു ജീവൻ നിലനിർത്താനുള്ള ആഹാരം പോലും കിട്ടാതായിരിക്കുന്നു. ഇതിയും 10 വർഷം കൂടി കാത്തിരിക്കണമെന്നു ഇവർ പറഞ്ഞാൽ അംഗീകരിക്കുവാൻ ഇവ നാട്ടിൽ ആളുണ്ടാകുകയില്ല.

രണ്ടാം പഞ്ചവത്സരപദ്ധതി തയ്യാറാക്കിയപ്പോൾത്തന്നെ മഹല നോബിസ്, ടി. ടി. കെ. യുമൊക്കെ പറഞ്ഞതാണു് ഇപ്പോൾ സംഭവിച്ചതു്. ധനവാനെ കൂടുതൽ ധനവാനും ദരിദ്രനെ കൂടുതൽ ദരിദ്രനും ആക്കരുതെന്നു്. കോൺഗ്രസ്സ് പെരിക്കൊണ്ടില്ല. എന്നിട്ടു് വിജയമായി തന്നെ എന്നു നാണമില്ലാതെ വിളിച്ചു കൂവുകയാണു്.

ജാതി പറഞ്ഞുകൊണ്ടു് പ്രയോജനമില്ല. ശങ്കർ ഇന്നു് ഈഴവന്റെ രക്ഷകനായി സ്വയം ചമയുകയാണു്. വി. ദ്യാഭ്യാസബില്ലു് തിരത്തിയെഴുതിയപ്പോൾ, കളിക്കിപ്പുകാരുടെ അവകാശം വെട്ടിക്കുറച്ചപ്പോൾ എവിടെപ്പോയി ഈ ജാതി എന്നദ്ദേഹം ചോദിച്ചു. കോൺഗ്രസ്സുകാരുടെ വഞ്ചനകളെയും അഴിമതികളെ അദ്ദേഹം എടുത്തുകാട്ടി. കോൺഗ്രസ്സിന്റെ ഉറച്ച

അണുശക്തി രാഷ്ട്രങ്ങളുടെ സംഖ്യ വർദ്ധിക്കുന്നു

ഉടനടി നിരായുധീകരണം നടപ്പിലാക്കണമെന്ന് യുഗോസ്ലാവ് പ്രതിനിധി

ഐക്യരാഷ്ട്രങ്ങളും, ജനുവരി 19

അണുനിരായുധീകരണമാണ് ഒരേ ഒരുമുഖപ്രശ്നം അംഗീകരിക്കണമെന്നും അനാവശ്യമായ ഭാവിയിൽത്തന്നെ അതിനാവശ്യമായ നടപടികളെപ്പറ്റി യോജിപ്പിലെത്തണമെന്നും യുഗോസ്ലാവിയാ ഇന്ന് അഭ്യർത്ഥിച്ചിരിക്കുന്നു.

അണുശക്തിരാഷ്ട്രങ്ങളുടെ എണ്ണം വളരെ നിരായുധീകരണത്തിന്റെ സ്ഥാനത്തിച്ചുവരുന്നതിനെ പരാമർശിച്ചുകൊണ്ട്, യുഗോസ്ലാവ് പ്രതിനിധി ഡബ്ലോ ലോലേക്കിച്ച്, അണുപ്രസരത്തിന്റെ കൂടുതലായ വ്യാപകത്വത്തിൽനിന്നുമുണ്ടാകുന്ന അപകടങ്ങളെപ്പറ്റിയാണ് ഇപ്പോൾ നാം ശ്രദ്ധിക്കേണ്ടതെന്നു പറഞ്ഞു. ഐക്യരാഷ്ട്രജനറൽ അസംബ്ലിയിലെ പൊതുചർച്ചയിൽ പങ്കെടുത്തുകൊണ്ടു സംസാരിക്കുകയായിരുന്നു അദ്ദേഹം. യഥാർത്ഥ ബോധത്തോടുകൂടി ഇപ്പോൾ നിരായുധീകരണ ക്രിയയിലാരംഭിക്കുന്നതിനെ തടയുകയും സ്വയം അണുശക്തിരഹിതരായിത്തീരാൻ അണുശക്തിരാഷ്ട്രങ്ങളും പരസ്പരം കരാറിലേർപ്പെടുകയും ചെയ്യുക.

അണുശക്തി രഹിതരായിത്തീരാൻ വൻകിട രാഷ്ട്രങ്ങളും സ്വയം ശ്രമിക്കുന്നില്ലെങ്കിൽ അണുവായുധപ്രചാരം തടയുക സാദ്ധ്യമല്ലെന്നും യുഗോസ്ലാവ് പ്രതിനിധി പറഞ്ഞു.

....

വെള്ളിയാഴ്ച കൊലക്കേസ് പോലീസ് ന്യായീകരണം തുടരുന്നു

തൊടുപുഴ, ജനു 19

കഴിഞ്ഞ വെള്ളിയാഴ്ച മുട്ടിയിലെ ഒരു കൊലക്കേസ് സംബന്ധിച്ച ഇക്കണോ, ബീഡിത്തൊഴിലാളി എന്നീ പോലീസ് നായ്ക്കളുടെ സഹായത്തോടെ പോലീസ് ഉദ്യോഗസ്ഥർ അന്വേഷണമാരംഭിച്ചിരിക്കുന്നു.

ഇക്കണോയും ബീഡിയും ഇന്നലെ രാത്രി 10 മണിക്ക് ഇവിടെ എത്തിച്ചേർന്നു. രാത്രിതന്നെ ഇക്കണോ സംഭവസ്ഥലത്തുനിന്നു 5 കിലോമീറ്റർ അകലെയുള്ള കളമാവുവരെ പോയി. രാവിലെ ബീഡിയും നാലു കിലോമീറ്റർ അകലെയുള്ള കാന്നിമലവരെയും പോയി. വൈകുന്നേരം അന്വേഷണം പുനരാരംഭിച്ചു. സംഭവം നടന്ന പ്രദേശവും പ്രാന്തങ്ങളും മിക്കവാറും വനങ്ങളാണ്.

ഞെക്കിക്കൊന്നു

അക്രമികൾ പോയ വഴിയിൽനിന്ന് കുറെ നോട്ടുകളും ഒരു തോർത്തും പോലീസിനു ലഭിച്ചിട്ടുണ്ട്. അവർ ഇട്ടിയവിരാ മരുമകനാണെന്നും അവർ കത്തിത്തിരുകി ശപിച്ചുമുട്ടിച്ചാണ് ഒരാളെ കൊന്നതെന്നും വ്യക്തമായിരിക്കുന്നു.


അക്രമികൾ മുന്നു പേരുണ്ടായിരുന്നു വെന്നാണ് ആക്രമണവിധേയയായ ഏലി എന്ന വൃദ്ധ സ്ത്രീ പറഞ്ഞത്. അക്രമികൾ അലമാരി തല്ലിപ്പൊളിച്ച് അതിലുണ്ടായിരുന്ന റിക്കാർഡുകളും കത്തിച്ചുകളഞ്ഞതായി തെളിവുണ്ട്.

സംസ്കാരിച്ചു

ശ്രീ ഇട്ടിയവിരാ ഒസേഫിന്റെ ഭൗതികദേഹം ഇൻകംബസ്റ്റിനും പോസ്റ്റ്മോർട്ടത്തിനുംശേഷം ഇന്നു വെള്ളിയാഴ്ച രാവിലെ പള്ളി സെമിത്തേരിയിൽ സംസ്കരിക്കപ്പെട്ടു. പരേതന്റെ 5 ആൺമക്കളിൽ മലബാറിൽ താമസിക്കുന്ന ഒരേ ഒരു പുത്രനും അമ്പായത്തിൽ താമസിക്കുന്ന മരുമകനും ഒഴികെയുള്ളവർ സ്ഥലത്തിരുന്നിട്ടുണ്ട്. ഏകപുത്രി ബ്രഹ്മിണി, ഭൂതഭാവിനാട്ടുനിന്നു എത്തിച്ചേർന്നു. എറണാകുളം ഡി എസ് പി ശ്രീ ഹസ്സനും പാർട്ടിയും ഇന്നലെമുതൽ സ്ഥലത്തു ക്യാമ്പു ചെയ്യുകയാണ്. കൊടുങ്ങല്ലൂർ ഡി എസ് പി ശ്രീ ഹസ്സനും പാർട്ടിയും ഇന്നു സ്ഥലത്തെത്തി.

സ.പ. ലേ.

For Favours Received



Rev. Fr. VINCENT C M I

Inserted by: K O Kochuvaried

NELLAI

WANTED a fully qualified hand within the prescribed age limit for appointment in the school under the management of P. M. L. P. S. Kiralur P. O. Velur, Cochin as L P. Assistant in a Maternity Leave Vacancy from 1-2-'65 till the closing date. Retired qualified teachers below 59 years may also apply. Apply within 10 days by registered post to the Manager with copies to the A. E. O Wadakkanchery.

Printed and Published by Paul Valappila for the A. C. P. Institute at the Thozhilali Press, Trichur

മൂന്നിൽ ഒന്ന് സ്ത്രീതൊഴിലാളി

കൊളോൺ (ജർമ്മനി) ജനു. 19

പശ്ചിമ ജർമ്മനിയിലെ ജോലിക്കാരിൽ ഏറ്റവും കൂടുതൽ വനിതകളുള്ളത് ഇപ്പോളാണ്. 1963-ൽ അവിടെ ആകെ ഉണ്ടായിരുന്ന ജോലിക്കാരിൽ 32 ശതമാനം അവരായിരുന്നു. അതായത് മൊത്തം തൊഴിലാളികളുടെ $\frac{1}{3}$ ഭാഗം 'അബലകൾ' വ്യവസായപരമായും സാമ്പത്തികപരമായും ജർമ്മനിക്കുണ്ടായിട്ടുള്ള ഉയർച്ചയാണിതിന് കാരണമെന്നുള്ളത് തീർച്ചയാണ്. അതിന്റെ ഉടനെ പശ്ചിമ ജർമ്മനിയിൽ തൊഴിലാളികളുടെ ലഭ്യതക്കുറവുള്ള പ്രശ്നവുമുണ്ടായിരുന്നു. അവിടെ ജീവിതശൈലിയുടെ ഇന്നു മൂന്നാം പടിയിൽ അവർക്ക് കണ്ടെത്തുവാൻ കഴിയുന്നതിനാൽ അവർക്ക് ലഭിച്ചിട്ടുള്ള തൊഴിൽ പരിശീലനം പ്രയോജനപ്പെടുത്താൻ ആഗ്രഹിക്കുന്നു. 1963 അവസാനത്തിൽ 40 നും 50 നും വയസ്സിനിടക്ക് പ്രായമുള്ള സ്ത്രീകളിൽ പകുതിയിലധികം ജോലി ചെയ്യുന്നവരായിട്ടാണ് കാണപ്പെട്ടിരുന്നത്. പശ്ചിമ ജർമ്മനിയിൽ ഒരുവർഷം പരിശീലനശാലകളും തുടങ്ങാനുള്ള ആലോചനയുണ്ട്. അവിടത്തെ സർക്കാരും സ്വകാര്യ വ്യവസായവും സ്ത്രീകളെ കൂടുതലായി ജോലിയിൽ പ്രവേശിപ്പിക്കുന്നതിൽ തല്പരരാണ്. അതിനാൽ അവർ ഇപ്പോൾ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് കൂടുതൽ പരിശീലനം സംഘടിപ്പിക്കാനുള്ള നടപടികളുമെടുത്തിട്ടുണ്ട്. അവരുടെ പ്രവർത്തനസമയം നിശ്ചയിക്കുന്നതു്. വീണ്ടും ജോലിക്ക് തിരിച്ചുവരുന്ന പ്രായമായ സ്ത്രീകൾക്ക് ചില പ്രത്യേക പ്രവർത്തനസൗകര്യങ്ങളും ചെയ്തുകൊടുക്കപ്പെടുന്നു.

—

ഭ. വിയറ്റ്നാം മന്ത്രി സഭാ പുനഃസംഘടന കഴിഞ്ഞു

സായ്ഗോൺ ജനു: 19

ദക്ഷിണവിയറ്റ്നാം പ്രിമാനസേനാ കമണ്ടറായ ബ്രിഗേഡിയർ-ജനറൽ നഗ്യുയൻ കാഫോകി മന്ത്രിസഭയിൽ പോയൻ അവസാനനിമിഷത്തിൽ വിസമ്മതിച്ചിട്ടതിനെ തുടർന്ന് മന്ത്രിസഭാ പുനഃസംഘടന അനിശ്ചിതാവസ്ഥയിലെത്തിയിരിക്കുന്നു.

വിമാനസേനാ കമാണ്ടർസ്ഥാനം താൻ ഒരിക്കലും വിട്ടുകൊടുക്കില്ലെന്നും മന്ത്രിസഭ കരാർപ്രകാരം വിപ്ലവപരമകത്തക്കുള്ള മാറ്റങ്ങളും വരുത്തിയാൽ ഇപ്പോഴുള്ള സ്ഥാനത്തിനു പുറമെ മന്ത്രിയായിരിക്കാൻ സമ്മതമാണെന്നുമാണ് ഇദ്ദേഹത്തിന്റെ വാദം. ചില 'വിപ്ലവവിരുദ്ധ'മന്ത്രിമാർ ഇപ്പോൾ മന്ത്രിസഭയിലുണ്ടെന്നും അദ്ദേഹം പത്രലേഖകരോട് പറഞ്ഞു.

മന്ത്രിസഭാംഗങ്ങളുടെ ലിസ്റ്റ് രാഷ്ട്രത്തലവൻ സമർപ്പിക്കുന്ന പക്ഷം അന്തിമകാലതേക്ക് നീട്ടിവെക്കാൻ പ്രധാനമന്ത്രി ഗുവൻഫോങ്ങ് ഇപ്പോൾ നിർബ്ബന്ധിതനായിരിക്കുകയാണ്.

—

ഇന്ത്യൻ സ്ഥാനപതിക്ക് യാത്രയയപ്പ്

പാരീസ്, ജനു 20

ഫ്രാൻസിലെ ഇന്ത്യൻ സ്ഥാനപതി സമ്പത്ത് അലിയാവർ ജങ്ങിന ഫ്രഞ്ച് വിദേശകാര്യമന്ത്രി പാരീസിൽ യാത്രയയപ്പു സൽക്കാരം നൽകിയിരിക്കുന്നു.

ഇന്തോ-ഫ്രഞ്ച് പ്രശ്നങ്ങളോടുള്ള സമീപനത്തിലെ ഋജുത്വത്തിനും ബുദ്ധിചാതുര്യവും കാരണം നവാബ് അലിയാവർ ജങ്ങിന്റെ ഭരണം കലവറയില്ലാത്ത വിജയമായിരുന്നുവെന്നും ഇന്ത്യയും ഫ്രാൻസും തമ്മിൽ മൈത്രീബന്ധവും ഉണ്ടായിട്ടുള്ളതിനും ഫ്രഞ്ച് വിദേശകാര്യമന്ത്രി തന്റെ പ്രസംഗത്തിൽ പ്രസ്താവിച്ചു. ഇന്ത്യൻ സ്ഥാനപതിയുടെ പരിശ്രമം കാരണം ഫ്രാൻസിനു് ഇന്ത്യയെ സംബന്ധിച്ച് മെച്ചപ്പെട്ട ധാരണ ഉണ്ടായിരിക്കുന്നു അദ്ദേഹം വിട്ടുപോകുന്നതിൽ മന്ത്രി സകൂടം പ്രകടിപ്പിച്ചു. നവാബ് ജങ്ങിന് അദ്ദേഹം പുതിയ ജോലിയിൽ വിജയമാശംസിച്ചു

—

മൊയ്തുകാലം മുതൽ ഇന്നു സ്ത്രീധന്യാ കമ്പനിവരെ

ന്യൂഡൽഹി, ജ. 20

ഇന്ത്യയിലെ രണ്ടായിരം കൊല്ലക്കാലത്തെ യുദ്ധോപദേവിധാനങ്ങളും ആയുധങ്ങളും ഇക്കാലും റിപ്പബ്ലിക്ദിനപരേഡിൽപ്രദർശിപ്പിക്കപ്പെടുന്നതാണ്. ക്രിസ്തുവിനുമുമ്പ് മൂന്നാം ശതകത്തിലെ മയൂരകാലംമുതൽ 18-ം ശതകത്തിന്റെ അവസാനം ഇന്ത്യാനാധിപതിയുടെ കാലംവരെയുള്ള സജ്ജീകരണങ്ങളും ഇതിലുൾപ്പെടും.

എൻ സി സി കേഡറ്റുകളാണ് ഇന്ത്യാചരിത്രത്തിന്റെ വിവിധ കാലഘട്ടങ്ങളെ മോടെ യോദ്ധാക്കളുടെ പടച്ചട്ടകളും പടക്കോപ്പുകളും പരേഡിൽ അണിനിരത്തുക. കാരോ കാലഘട്ടത്തെ 36 കേഡറ്റുകളുടെയും വിവരങ്ങളും പ്രതിനിധീകരിക്കും. ഇവർ ആരേപറ്റി വീതമുള്ള സംഖ്യകളായി മാർച്ചുചെയ്യുന്നതാണ്.

വളരെയധികം ഗവേഷണത്തിനുശേഷം പ്രതിരോധമന്ത്രാലയമാണ് വേഷങ്ങളും പുനർനിർമ്മിച്ചിട്ടുള്ളത്. അധികൃതസ്രോതസ്സുകളുമുള്ള ചരിത്രഗ്രന്ഥങ്ങളും നാണയങ്ങളും, കൊത്തുപണികളും ചായച്ചിത്രങ്ങളും ഇതിനായി ഇതിനുവേണ്ടി പഠിക്കുകയുണ്ടായി. ആവശ്യംവന്നു തോന്നിയ സന്ദർഭങ്ങളിലെല്ലാം പ്രശസ്ത പണ്ഡിതന്മാരും ഗവേഷണസ്ഥാപനങ്ങളുമായി കൂടിയാലോചിക്കുകയുംചെയ്തു.

—

അമ്മയെ കത്തിയെടുത്ത കത്തിമലത്തി

ശബരിമലയിൽനിന്നും മടങ്ങിവന്ന മകനെ 'സൽക്രിയ'

പാലക്കാട്, ജ. 19

കൊല്ലങ്കോടിന്നടുത്തുള്ള വടവന്നൂർ സ്വദേശിയായ ചന്ദ്രശേഖരൻനായർ എന്ന പോലീസ് കോൺസ്റ്റബിളിനെ സ്വന്തം അമ്മയെ കത്തികൊണ്ട് കുത്തി പരിക്കേല്പിച്ചതിനു കൊല്ലങ്കോട് പോലീസ് ഒരു കേസ്സ് രജിസ്റ്റർചെയ്തിരിക്കുന്നു.

പൊന്നാനി സ്റ്റേഷനിലെ ഒരു കോൺസ്റ്റബിളായ ചന്ദ്രശേഖരൻനായർ ശബരിമലയിൽ പോയി മടങ്ങിവന്നതിനുശേഷമാണ് ഈ നിചകൃത്യം ചെയ്തത്. അമ്മയെ കൊല്ലുങ്കോട് ആശുപത്രിയിൽപ്രവേശിപ്പിച്ചിട്ടുണ്ട്.

—

രണ്ടു കേരളീയർക്ക് എം. ആർ. സി. പി.

ലണ്ടൻ ജനു. 20

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഡോ. പി. എൻ. മാസൂരനും ചങ്ങനാശ്ശേരി മാപ്പിളശ്ശേരി വീട്ടിലെ ഡോ. തോമസ് കുര്യനും എം. ആർ സി. പി (ഗ്ലാസ്ഗോ) എന്ന വിലയേറിയ ബിരുദാനന്തരബഹുമതി ലഭിച്ചിരിക്കുന്നു.

ഗ്ലാസ്ഗോവിലെ ഫിസിഷ്യന്മാരുടേയും സർജ്ജന്മാരുടേയും റോയൽ കോളേജ് ഈ ബിരുദം നൽകിയ ഏഴ് ഇന്ത്യാക്കാരിൽപെട്ട രണ്ടുപേരാണ് ഡോ. മാസൂരനും ഡോ. തോമസ് കുര്യനും. ഈ ബഹുമതി ലഭിച്ച മറ്റ് ഇന്ത്യൻ ഡോക്ടർമാർ താഴെക്കാണുന്ന വരാണ്: ഡോ ബി. കെ മണ്ഡൽ (കൽക്കത്ത) ഡോ. പ്രൗൺ രഞ്ജൻപ്രസാദ് (പട്നാ) ഡോ. കെ രാജശേഖരപ്പാ (ബാംഗ്ലൂർ) ഡോ. എൻ പി സേഥി (ബോംബെ) ഡോ. ജോഗേന്ദ്രസിംഗ് (മണിപ്പൂർ)

....

സിമൻറ് കോർപ്പറേഷൻ എർപ്പെടുത്തി

ന്യൂഡൽഹി ജനു. 19

ഇന്ത്യാഗവർമെന്റ് സിമൻറ് കോർപ്പറേഷൻ എന്ന രക്ഷകർത്തൃത്വത്തിനു കീഴിലുള്ള ഒരു കമ്പനിയായി ഇന്നുമുതൽ രജിസ്റ്റർ ചെയ്യപ്പെട്ടു. ഇന്ത്യയിൽ സിമൻറ് വ്യവസായത്തിന്റെ വളർച്ചയും വികസനവും അഭിവൃദ്ധിപ്പെടുകയായിരിക്കും കോർപ്പറേഷന്റെ മുഖ്യലക്ഷ്യം.

സിമൻറിനെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നേരിടുന്നതിന് ഇപ്പോൾ വാർഷികോത്പാദനശേഷി 110 ലക്ഷം ടണ്ണിൽ നിന്ന് ഏകദേശം 170 ലക്ഷം ടണ്ണാക്കി വികസിപ്പിക്കേണ്ടതുണ്ട്. സഹകാര്യമേഖലയും പൊതുമേഖലയും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. പുതിയ സിമൻറ് ഫാക്ടറികൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവയുടെ ഉത്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും കോർപ്പറേഷൻ സഹായിക്കും. വ്യവസായത്തിന്റെ പൊതുനന്മയ്ക്കുവേണ്ടിയുള്ള ഗവേഷണപ്രവർത്തനങ്ങളും കോർപ്പറേഷൻ ഏറ്റെടുക്കുന്നതാണ്.

—

തിരുനാളാഘോഷങ്ങൾ

മല്ലശ്ശേരി, ജനു. 20

മല്ലശ്ശേരി പള്ളിയിൽ ആണ്ടുതോറും ആഘോഷിച്ചുവരാറുള്ള വി: സെബസ്ത്യാനോസ് സഹദായുടെ തിരുന്നാൾ ഇക്കൊല്ലം പൂർവ്വാധികം മോടിയോടെ കൊണ്ടാടപ്പെടുന്നു. തിരുനാളിന്റെ തലേദിവസമായ ഇന്നലെ ഗീവർഗ്ഗീസ് അമ്പുപ്രതിഷ്ഠണങ്ങളും മാറ്റ പരിപാടികളും നടത്തപ്പെട്ടു.

വെള്ളാംകല്ലർ, ജനു. 15

കല്ലറമ്പു പള്ളിയിൽ ജനുവരി 23, 24 തീയ്യതികളിൽ ആഘോഷിച്ചുവരുന്ന വി: സെബസ്ത്യാനോസ്സ് സഹദായുടെ പെരുന്നാളും ഇക്കൊല്ലവും പതിവുപോലെ കൊണ്ടാടപ്പെടുന്നതാണ്. തിരുനാളിനോടനുബന്ധിച്ച് ശനിയാഴ്ച രാത്രി 9 മണിക്ക് വെള്ളാംകല്ലർ നാലുകൂടിയ വഴിയിൽനിന്നും വിവിധ വാദ്യഘോഷങ്ങളോടുകൂടി ഗംഭീരമായ ഒരു അമ്പു പ്രതിഷ്ഠണം കല്ലാമ്പു പള്ളിയിലേക്ക് എഴുന്നള്ളിച്ചുകൊണ്ടുപോകുന്നതായിരിക്കും. 24-ാം തീയതി ഞായറാഴ്ച രാത്രി തിരിഞ്ഞുള്ള പള്ളിപ്രദക്ഷിണത്തിനു ശേഷം വന്വിച്ച തോതിലുള്ള കരിമരുന്നുപ്രയോഗവും ഉണ്ടായിരിക്കുന്നതാണ്.

കറാക്കോട്ട്, ജനു. 17

കറാക്കോട്ട് സെന്റ് മേരീസ്സ് സുറിയാനി പള്ളിയിലെ വിശുദ്ധ സെബസ്ത്യാനോസ് സഹദായുടെ രക്തസാക്ഷിത്വദിനമായ ജനുവരി 17-ാംതീയതി ഭക്തിപുരസ്സരം കൊണ്ടാടുന്നതാണ്. ഈ ദിവസം രാവിലെ 6 മണിക്ക് വി: കുർബ്ബാനയും തുടർന്ന് പ്രസംഗവും ഉണ്ടായിരിക്കുന്നതാണ്.

—

മരണത്തിന്റെ വക്ഷിദ്രോഹം

കോട്ടയം, ജനു. 19

വളരെത്താനാം ബസ്സപകടത്തെക്കുറിച്ചുണ്ടായ കോട്ടയത്തെത്തിയ ജനറൽ മാനേജരുടെ കാറിനെ കരളലിയിക്കുന്ന ഒരു കഥയാണ് പറയാനുള്ളത്. മരണമടഞ്ഞ പ്രസംഗകന്റെ ഭാര്യാസഹോദരനാണ്. ചില്ലറ പാർക്കേജുകളുടെ രക്ഷപ്പെടുത്തലായി ഇളയ സഹോദരിയും രക്ഷപ്പെട്ട മറ്റൊരു വിദ്യാർത്ഥിയായ സുഭാനന്ദൻ ഇളയമ്മയുടെ മകനുമാണ്. ഈ മൂന്നു കുട്ടികളും പൈയുടെ വീട്ടിൽ താമസിച്ചുവരികയാണ്. പഠിച്ചുവന്നവർ. ഇവർ മൂന്നുപേരും ഒന്നിച്ചു വിനോദയാത്രക്കു പോയി. തിരിച്ചുവന്നവർ രണ്ടുപേർ മാത്രം.

ദൈവത്തെ പെന്മിൽ പടിഞ്ഞാറെക്കര ശ്രീനിവാസപ്രഭുവിനെ പുതുനാണ് മരണമടഞ്ഞ പ്രസംഗപ്രഭു.

....

കാശ്മീർ മന്ത്രി നാസ്സറെ കണ്ടു

ന്യൂഡൽഹി, ജനു. 19

കാശ്മീരിലെ വന്തോതിലുള്ള വസ്ത്രവിതരണപരിപാടി മന്ത്രി ശ്രീ എ. എം താരിഖിനെ പ്രസിഡണ്ട് നാസ്സർ ജനുവരി 17-ാംതീയതി ശേഖരിലെ വസതിയിൽവച്ച് സ്വീകരിക്കുകയുണ്ടായി. കാശ്മീർ മുഖ്യമന്ത്രിക്ക് വേണ്ടി ശ്രീ താരിഖ് പ്രസിഡണ്ടിന് കൊള്ളികൊണ്ടുള്ള ഒരു ശർക്കുട്ടയും സമ്മാനിച്ചു. പ്രധാനമന്ത്രി ശ്രീ ശാസ്ത്രിയേയും കാശ്മീർ മുഖ്യമന്ത്രി ശ്രീ സാദിക്കിനേയും തന്റെ ക്ഷേമാശംസകൾ അറിയിക്കാൻ അദ്ദേഹം ശ്രീ താരിഖിനോടു് ആവശ്യപ്പെട്ടു.

മൊഗദിഷുവിലെ ഇസ്ലാമിക സമ്മേളനത്തിനും പശ്ചാത്തലം വിശദീകരിച്ചുകൊണ്ട്, മതകാര്യങ്ങളിൽ പുരോഗമനപരമായ നേതൃത്വം നൽകുന്നതിനും ഇസ്ലാമിക പുരോഗമനശക്തികളെ പ്രവർത്തനസന്നദ്ധമാക്കുന്നതിനും ജനങ്ങൾ കയ്യോടെയാണ് ഉറ്റുനോക്കുന്നതെന്നു് ശ്രീ താരിഖ് പ്രസ്താവിച്ചു. ശാസ്ത്രീയമായ രീതിയിലായിരിക്കണം മതപരമായ സമീപനങ്ങൾ എന്നതിനോടു് പ്രസിഡണ്ടു് നാസ്സർ യോജിപ്പു പ്രകടിപ്പിച്ചു.

പ്രസിഡണ്ടു് നാസ്സറെ കണ്ടെന്നതു് ഇരുപ്പിച്ച് കാണണമെന്നതിനു മുമ്പുമാണെന്നും പ്രത്യേകിച്ചുള്ള കാര്യമൊന്നുമില്ലെന്നും മറ്റുമുള്ള സഹോദരപ്രസ്താവനയാണ് കറാച്ചിയിൽനിന്നു് ശ്രീ താരിഖ് പ്രസ്താവിച്ചു. തന്നിക്ക് ഇരുപ്പിച്ചിൽ സ്വീകരിച്ച സൈമനസ്യത്തിനും സൈഫാർത്തിനും അദ്ദേഹം നന്ദിപ്രകടിപ്പിച്ചു.

നേരത്തേ, ശ്രീ താരിഖ് "അൽ അഹ്റാം" എന്ന പത്രത്തിന്റെമുഖ്യപത്രാധിപർ മി. മുഹമ്മദ് ഹൈക്കലുമായി സൗഹൃദത്തിൽ, ഐക്യ അറബി റിപ്പബ്ലിക്കിലെ വാർത്താവിതരണ ഡയറക്ടർ ജനറൽ മി. ഹമീദ് ഫഹ്മിയുമായും കണ്ടു സംഭാഷണം നടത്തുകയുണ്ടായി.

—

എൻ. സി. സി. സൈനിക ക്യാമ്പ്

ന്യൂഡൽഹി, ജനു. 19

റിപ്പബ്ലിക് ദിനപരേഡിൽ പങ്കെടുക്കാൻ ഡൽഹിയിൽ എത്തിയിട്ടുള്ള 1800 ഓളം എൻ. സി. സി. കേഡറ്റുകൾക്കും ഇന്നു മുതലായി സൈനികക്യാമ്പിൽ പരേഡിൽ ഡൽഹി-രാജസ്ഥാൻ പ്രദേശത്തെ ജനറൽ ആഫീസർ കമണ്ടിംഗ് മേജർ-ജനറൽ കെ. ഗോവിന്ദസിംഗ് സ്വീകരിച്ചു.

കേഡറ്റുകളുടെ മികച്ച പ്രകടനത്തെ ജനറൽസിംഗ് അഭിനന്ദിച്ചു. ആസ്സാമിലെ സീനിയർ അണ്ടർ ആഫീസർ ആൻറണി റിച്ച്മണ്ടാണ് പരേഡ് നയിച്ചതു്.

—

പറമ്പിക്കുളം കൊലക്കേസ് പ്രതിയെ അറസ്റ്റു ചെയ്തു

(സ.പ. ലേ) പാലക്കാട്, ജനു. 18

പരിയാരം സ്വദേശിയായ തെക്കിനിയേത്തു് പൈലോസ് എന്ന ഒരു യുവാവിനെ പറമ്പിക്കുളം പോലീസ് സ്റ്റേഷനിലെ ഒരു പി. സി. യായ കമലാസനനായരും, പാലക്കാട്ടിലെ പോലീസ് സർക്കിളിലെ ഇൻസ്പെക്ടറുടെ ഒരു സി ഡി ഡിവിഷനിലെ പി. സി. യായ ഉണ്ണിനായരും ചേർന്ന് ഇന്നലെ വൈകീട്ട് പരിയാരത്തുവച്ചു അറസ്റ്റ്ചെയ്തുവിവരമറിഞ്ഞുകൊണ്ടുവന്നിരിക്കുന്നു.

ജനുവരി 5-ാംതീയതി പറമ്പിക്കുളം സ്റ്റേഷനുതൊട്ടിയിലെ പറമ്പിക്കുളം പ്രോജക്ടിലെ ഒരു തോഴിലാളിയായ മൊക്കയ്യ തേവൻറെ മരണം സംബന്ധിച്ചുണ്ടായ അറസ്റ്റ് 5-ാംതീയതി പറമ്പിക്കുളം പ്രോജക്ടിലെ 2-ാംകോളനി പരിസരത്തുള്ള വനപ്രദേശത്തു കാശ്വച്ചു ചീട്ടുകളിക്കവേ, വാക്കേറ്റമുണ്ടായതിനെ തുടർന്ന് മണിയെന്നാരാളെ പെരുമാൾ കത്തികൊണ്ടു കുത്തുകയും മണിയുടെ കൈയ്യിൽ കത്തിയുപയോഗിച്ചു തടുത്ത അവസരത്തിൽ മൊക്കയ്യ തേവൻറെ നെഞ്ചിൽ കത്തികൊണ്ടു കുത്തുകയും തേവൻ താഴെ വീണയുടനെ പെരുമാൾ സ്ഥലം വിടുകയുമാണെന്നതു പ്രസ്താവ്യമാണ്. ജനുവരി 12-ാംതീയതി തേവൻ കോയമ്പത്തൂർ രാജ്യാശുപത്രിയിൽവച്ചു് മരണമടഞ്ഞു.

പെരുമാൾ ഒരടിപിടികേസ്സിൽ 1961 ൽ ജയിൽ ശിക്ഷ കിട്ടിയിട്ടുള്ള ആളാണെന്നു്.

പ്രതിയെ ഇവിടെയെത്തിച്ച ജീപ്പുമായി് കൊണ്ടുപോയി.

-0-

പുത്തൂരിലെ തിരുനാളാഘോഷം

പുത്തൂർ, ജനു. 19

പുത്തൂർ ഇടവക അതിർത്തിയിലുള്ള അമ്പു് സമുദായങ്ങളുടെ ഒരു യോഗം 17-1-65ൽ ചേന്നു് മുൻ കൊല്ലങ്ങളെ അപേക്ഷിച്ചു് ഇക്കൊല്ലം വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുന്നാൾ അതിഗംഭീരമായികൊണ്ടാടുവാൻതീരുമാനിച്ചു. തലേന്നാൾ [23-1-65] ശനിയാഴ്ച രാത്രി 10 മണിക്ക് വിവിധ സമുദായങ്ങളിൽനിന്നുള്ള അമ്പുകാവടി പോയ്കുതിരക്കുന്നു കരിശ്ശൂ നടയിൽ എത്തിച്ചേരേണമെന്നും, അവിടെനിന്നു് രാത്രി പ്രദക്ഷിണം പുത്തൂർ സെന്റ് ചാവറ പള്ളിയിൽ തിരിച്ചെത്തുന്നതുവരെ തിരുമനിച്ചു. അമ്പു് പ്രദക്ഷിണത്തോടനുബന്ധിച്ചു് ഗംഭീരമായ കരിമരുന്നു് പ്രയോഗവും വിവിധ ബാൻഡ്സെറ്റുകളുടെ മത്സരമേളകളും ഉണ്ടായിരിക്കും.

—-

ഇന്ത്യൻ സ്ഥാനപതി ബർലിനിൽ

ന്യൂഡൽഹി, ജനു. 20

പശ്ചിമ ജർമനിയിലെ ഇന്ത്യൻ സ്ഥാനപതി ശ്രീ. എസ്. എൻ. ബാനർജി ജനുവരി 18-ാംതീ ബർലിൻ സന്ദർശിക്കുകയുണ്ടായി. അദ്ദേഹം ഗവണ്മെന്റ് വില്ലാ ബ്രാണ്ടൻബർഗിലെയും ജനപ്രതിനിധി സഭയുടെ പ്രസിഡണ്ടിനെയും സന്ദർശിച്ചു് സംഭാഷണം നടത്തി.

സംഭാഷണത്തിനിടയിൽ മി. ബ്രാണ്ട്, നെഹ്റുവുമായുണ്ടായിരുന്ന തന്റെ അടുപ്പം അനുസ്മരിച്ചു. രണ്ടുവർഷം മുമ്പ് ലണ്ടനിൽവച്ച് അദ്ദേഹവുമായിനടത്തിയ ഒരു ചർച്ചയെപ്പറ്റി അദ്ദേഹം പ്രത്യേകം എടുത്തുപറഞ്ഞു. ഇന്ത്യയുടെ തുടർന്നുള്ള വികസനത്തിനും സുരക്ഷിതത്വത്തിനും ഗവണ്മെന്റ് മംഗളമാശംസിച്ചു.

....

കേരള ഭൂപരിഷ്കരണ നിയമം പൊളിച്ചെഴുതണം

(എൻ. കെ. കുട്ടിരാമൻ, അഡ്വക്കേറ്റ്, തൃശ്ശൂർ)

കേരളഭൂപരിഷ്കരണനിയമം മുഴയിലായിരുന്നപ്പോൾതന്നെ അതിൻറെ അപര്യാപ്തതയെക്കുറിച്ച ഞാൻ ഇതേ പംക്തികളിൽ ഏതാനും ലേഖനങ്ങൾ എഴുതിയിരുന്നു. ഇപ്പോൾ കേരളഭൂപരിഷ്കരണനിയമം കൊച്ചിയിലെ ദേവസ്വം കൂടിയാന്മാർക്ക് ബാധകമല്ലെന്നു് തൃശ്ശൂർ ലാൻഡ് ട്രിബ്യൂണൽ വിധി പ്രസ്താവിച്ചിരിക്കുന്നു (റിപ്പോർട്ട് അന്യത്ര. ഭാ. പ.) ആയതിനാൽ മര്യാദപോട്ടത്തിനുള്ള കൂടിയാന്മാരുടെ ഹർജികൾ നിലനിൽക്കുമെന്നതിനാൽ തൃശ്ശൂർ ലാൻഡ് ട്രിബ്യൂണലിൽ അത്തരം അപ്പീൽ കൊടുത്തു ഒരു വിധി സമ്പാദിക്കുവാൻ കുടിയാന്മാർ ശ്രമിക്കണം. വേണ്ടിവന്നാൽ ഹൈക്കോടതിയിൽ പോയി ഒരു റിട്ടുകൊടുത്തു അനുകൂലമായി വിധി വാങ്ങിയെടുക്കണം. അവർ അതിലും പരാജയമടഞ്ഞാൽ പിന്നെ ഭൂപരിഷ്കരണനിയമം പൊളിച്ചെഴുതിക്കിട്ടുവാൻ പ്രയത്നിക്കണം. ഇപ്പോൾ തിരഞ്ഞെടുപ്പിൻറെ കാലം അടുത്തിരിക്കയാണല്ലോ. ഇക്കാര്യം രാഷ്ട്രീയകക്ഷികളുടെമുമ്പിൽവച്ചു അവരെക്കൊണ്ടു തക്കതായ നടപടികൾ സ്വീകരിപ്പിക്കണം. ഇക്കാര്യത്തിനുവേണ്ടി കൊച്ചിയിലെ ദേവസ്വം കുടിയാന്മാർ മുന്നിട്ടുവരേണ്ട സമയമാണിത്.

ദേവസ്വങ്ങളെ സംബന്ധിച്ചിടത്തോളം അവർ എടുത്തിരിക്കുന്ന നിലപാടു് തികച്ചും അയുക്തമായിട്ടുള്ളതാണ്. ഭൂപരിഷ്കരണനിയമം ദേവസ്വങ്ങൾക്കു ബാധകമല്ലെന്നതിന്റെ